The Diocesan Gateway

Vol. 44, No. 01, January - May 2026

From the thorns of Calvary
rises the roar of redemption

Vishweshwar Education Society's

Western College of Commerce & Business Management

Autonomous

PROGRAMMES OFFERED

COLLEGE CODE : 530

B.Com
- International Management Accounting (CFA)
- Accounting
- Business Management
- Investment Banking & Capital Market

B.Com (A&F)
- Bachelor of Accounting and Finance
- FinTech (Financial Technology)
- Bachelor of Accounting and Finance with (ACCA)

B.Sc.
- Data Science
- Artificial Intelligence

B.Sc.
- Computer Science
- Information Technology

B.Sc. Economics
- Bachelor of Science in Economics (Data Science)

BA
- Bachelor of Arts in Multimedia and Mass Communication

Management Studies
- Bachelor of Management Studies
- B. Com. Management Studies

MUMBAI UNIVERSITY ADMISSION PORTAL
https://muugadmission.samarth.edu.in/index.php/site/login

Plot No.2, Sector 9, Sanpada,
Navi Mumbai -400 705.

Tel: +91 22 2775 3226/7/8
Mob.: 86578 60712 /8657860727

Email: info@wccbm.ac.in
Website: www.wccbm.ac.in

ISO 9001:2015 Certified | NAAC Accredited 'B+' Grade (1st Cycle) Recognised under Section 2(f) of UGC Act 1956
Recognised by Govt. of Maharashtra | Affiliated to University of Mumbai
Best NSS Unit Award | NCC 3 Maharashtra Battalion, Mumbai, Group A

The Diocesan Gateway

Vol. 44, No. 01, January - May 2026

Orthodox Church Centre
Mar Theophilus Marg, Sector 10A
Vashi, Navi Mumbai 400 703
Ph.: 022-27801427

Editorial Board

President
H.G. Geevarghese Mar Coorilos
(9820333379)

Chief Editor
Rev. Fr. Rony John
(8390832496)

Associate Editor
Rev. Fr. Ashwin Fernandis
(9496021530)

Publisher
Rev. Fr. Alex P Mathew
(8129021777)

Manager
Rev. Fr. Thomas K Chacko (Diocesan Secretary)
(989289596)

Members

Rev. Fr. Thomas Myalil (7709867706)
Rev. Fr. Santhosh Varghese (9869125758)
Rev. Fr. M. B George (9567938692)
Rev. Fr. Joshy P Jacob (9702762767)
Rev. Fr. Geevarghese Abraham (9969994460)
Rev. Fr. Rajesh John (9946361896)
Mr. Roy Joseph, Nallasapora (9221826800)
Mr. Philip Varghese, Dadar (9870623498)
Mr. John Jesudasan, Chembur (9869279569)
Mrs Susan Thomas, Vashi (8169259464)
Mrs Susan Shibu, Nerul (98218 53853)

Send your articles and news to the following address,
Whatsapp No.
or
E-mail

Orthodox Church Centre
Mar Theophilus Marg, Sector 10A
Vashi, Navi Mumbai 400 703
Ph.: 022-27801427
or

The Publisher
Rev Fr Alex P Mathew
Mobile: 8129021777
or

diocesangateway@gmail.com

Message from His Grace 4
Editorial 5
ബോംബെ ഭദ്രാസന സുവർണ്ണ ജൂബിലി സമാപനം 8
അനശ്വരതയുടെ നിർമ്മല മൂറോൻ 11
മലങ്കരസഭയിലെ വിശുദ്ധ മൂറോൻ കൂദാശകൾ 12
സത്യവും വിശ്വസ്തതയും 13
St. Polycarp of Smyrna 14
പുരോഹിതൻ ആര്? 15
അപ്പോസ്തോലിക വിശ്വാസവും പ്രബോധനവും:
മലങ്കര സഭാപിതാക്കന്മാരുടെ വീക്ഷണത്തിൽ 16
Modern Trends in Church Dressing and
Biblical View on Modesty in Worship 18
നിഴലിന്റെ മരണവും പ്രവാചകന്റെ കലഹവും 19
കനാന്യ സ്ത്രീ 20

Cover Page Sketch:

Ms. Ain Elsa Mathew
(St. Mary's OSC, Karad)

Our Websites

https://mosc.in/
https://bombayorthodoxdiocese.org/
https://catholicatenews.in/
https://www.gregoriantv.com/
http://malankaraorthodox.tv/
https://www.ovsonline.in/

Advertisement Rates

Full page Rs. 1000

Half page Rs. 500



Message from His Grace

Beloved in Christ,

Grace and peace be unto you from our Risen Lord!

On this radiant Feast of the Resurrection, I extend my heartfelt Paschal greetings to all the faithful, and in a special way, I convey my loving greetings and appreciation to the Board members of Gateway for their sincere dedication and good works in the life of the Church and all its readers for their support and prayers. Your efforts in nurturing faith, fostering unity, and proclaiming the truth are indeed commendable and bear witness to the living presence of Christ among us.

"Christ is Risen! Truly, He is Risen!" (Luke 24:34). The Resurrection of our Lord Jesus Christ stands as the eternal foundation of our faith, for as the Apostle proclaims, "If Christ is not risen, your faith is futile" (1 Corinthians 15:17). But now Christ is risen from the dead, trampling down death by death, and granting life to all.

The Holy Church, in her wisdom, does not see the Resurrection as a single moment, but as the beginning of a sacred journey—a journey that leads us from the empty tomb to the glorious descent of the Holy Spirit at Pentecost. These holy fifty days are not merely a passage of time, but a season of transformation, where we are called to live as witnesses of the Risen Christ.

As we journey toward the Feast of Pentecost (Acts 2:1–4), we are reminded that the same Spirit who raised Christ from the dead (Romans 8:11) is given to us, to renew, sanctify, and empower us. St. Athanasius the Great beautifully affirms: "Christ became man so that man might become god"—that is, to partake in the divine life through grace. The Resurrection opens this path, and Pentecost perfects it through the indwelling of the Holy Spirit.

During this sacred season, let us not remain as passive observers of the Resurrection, but as living participants in its power. Let us, like the disciples, move from fear to faith, from doubt to proclamation. As St. John Chrysostom proclaims in his Paschal Homily: "Let no one fear death, for the death of our Saviour has set us free."

May this Paschal season renew our hearts, strengthen our faith, and prepare us to receive the fullness of the Spirit. Let our lives become a testimony of the Resurrection, shining as lights in the world (Philippians 2:15), bearing witness to the victory of Christ over sin and death.

May the joy of the Risen Lord fill your homes, your families, and your hearts.

In anticipation of the Feast of Pentecost, a Three-day Spiritual Retreat will be held from 14th to 16th May at The Gregorion Community, Roha, for our spiritual renewal and prayerful preparation during the Holy Awaiting days (Kathirippu Divasangal). This Retreat will be led by both our Metropolitans. All priests and faithful are earnestly encouraged to participate and be spiritually enriched. Accommodation and food will be arranged for all attendees. Kindly register on or before 10th May to help us make the necessary arrangements. May these days prepare us to receive the grace of the Holy Spirit.

Christ is Risen! Truly, He is Risen!

With prayers and blessings,

Your Shepherd in Christ,

Geevarghese Mar Coorilos

Metropolitan, Diocese of Bombay

പ്രാർത്ഥന

പ. പരുമല തിരുമേനി

- പ്രാർത്ഥന എന്നത് ശൈശവത്തിലെ ഉത്സാഹവും യൗവ്വനത്തിലെ ആശ്രയവും വാർദ്ധക്യത്തിലെ സമാധാനവുമാകുന്നു.
- ജനങ്ങളുടെയിടയിൽ സത്യം, സന്മാർഗ്ഗാചരണം, വിശ്വാസം, ഭക്തി, പരസ്പര ബഹുമാനം ഇവയെ വളർത്താൽ വിദ്യാഭ്യാസത്തിനെ സഹായിക്കുന്നതത്രെ പ്രാർത്ഥന.
- നിത്യവും ദൈവപ്രാർത്ഥന ചെയ്യുന്നവൻ ഒരിക്കലും അസത്യവാനോ ദുർമ്മാർഗ്ഗിയോ, അവിശ്വാസിയോ, ഭക്തിഹീനനോ, ജനദ്വേഷിയോ, സ്വാമിദ്രോഹിയോ ആയിത്തീരുന്നതല്ല.
- ഹൃദയം നിറഞ്ഞ ഭക്തിയോടെ ചെയ്യുന്ന പ്രാർത്ഥന ദൈവം കൈക്കൊൾകയും ഒരു അനുഗ്രഹരൂപമായി അതു നമുക്കു തിരികെ ലഭിക്കുകയും ചെയ്യും.
- ദൈവത്തെ അറിഞ്ഞിട്ടും കൈമലർത്തി തങ്ങൾക്കും തങ്ങൾ ഇഷ്ട പ്പെടുന്നവർക്കും വേണ്ടി പ്രാർത്ഥിക്കുകയില്ലെങ്കിൽ എങ്ങനെയാണ് മനുഷ്യനെ, ഭാവി ലേശം പോലും അറിയാതെ ജീവിക്കുന്ന ബുദ്ധി ഹീനങ്ങളായ ജന്തുക്കളേക്കാൾ ശ്രേഷ്ഠനാണെന്നു പറയുന്നത്?
- ഈശ്വര പ്രാർത്ഥന ഈ ലോകത്തെ പല വിധത്തിലും ദൈവത്തിന്റെ പാദാരാവിന്ദങ്ങളോടു ചേർക്കുന്ന പൊന്നിൻ ചങ്ങലയത്രെ.
- രാപ്പകൽ ഭക്തിയോടുകൂടി ഉച്ചത്തിൽ ദൈവത്തെ പ്രാർത്ഥിപ്പിൻ. ഈ പ്രാർത്ഥന നമ്മിലുള്ള ഇരുളു നീങ്ങാനും, തളർച്ച തീരാനും, നമ്മുടെ പരമമായ രക്ഷയും മോക്ഷവും ലഭിക്കാനും ഏറ്റവും ഉത്തമമായ മാർഗ്ഗമാകുന്നു. വിശ്വസിച്ചു പ്രാർത്ഥിച്ചു ദൈവത്തെ ഭജിപ്പിൻ.

Editorial

Christ is Risen! Truly He is Risen!

In the sacred rhythm of our Oriental Orthodox Pascha, we journey through Easter, Ascension, and Holy Pentecost, each feast unveiling the one incarnate Lord of glory—fully divine and fully human in His single nature. Easter triumphs as Christ shatters the gates of Hades, conquering death by death and raising humanity with Him, declaring: "I am the resurrection and the life. The one who believes in me will live, even though they die" (John 11:25). For fifty luminous days, our Church basks in this victory, our liturgies resounding with resurrection hymns.

The Ascension, on the fortieth day, exalts our Savior before the Blessed Theotokos and Apostles on the Mount of Olives, seating our humanity at the Father's right hand: "He was taken up into heaven and sat at the right hand of God" (Mark 16:19). As our Syriac Fathers teach, this is the crown of salvation, lifting us to divine communion.

Holy Pentecost—the Church's nativity—fulfills the promise on the fiftieth day, as the Holy Spirit descends in wind and tongues of fire upon the Upper Room, reversing Babel's curse and uniting all in the Paraclete's gift: "When the day of Pentecost came, they were all together in one place... All of them were filled with the Holy Spirit" (Acts 2:1, 4). Through the intercessions of the Theotokos, the Spirit forges our koinonia as one Body in the Trinity.

St. Paul summons us to this togetherness: "Make every effort to keep the unity of the Spirit through the bond of peace. There is one body and one Spirit... one Lord, one faith, one baptism" (Ephesians 4:3-5). In our Oriental Orthodox parishes, let Paschal love bind families, clergy, and laity in prayer, fasting, and service.

Important Pointers for Embodying Paschal Unity:-

- LIVE THE RESURRECTION DAILY: Exchange "Christ is Risen!" greetings to kindle Easter joy in every encounter.
- ASCEND THROUGH THEOTOKOS' PRAYERS: Join vigil services, seeking her intercessions to elevate our communal life heavenward.
- RECEIVE PENTECOST'S FIRE: Organize Agape feasts and Syriac Bible studies, embracing diversity in the Spirit's harmony.

May the Holy Trinity unite us in eternal glory!

Christ is Risen! Truly He is Risen!

Fr. Rony John
Chief Editor

വിശുദ്ധിയുടെ പരിമളം പരത്തി മൂറോൻ കൂദാശ

കോട്ടയം: ആത്മീയ സുഗന്ധം പരത്തി സഭാചരിത്രത്തിലെ പതിനൊന്നാം മൂറോൻ കൂദാശ നിർവഹിച്ച് മലങ്കരസഭ. വലിയ നോമ്പിലെ നാൽപതാം വെള്ളിയാഴ്ച ദേവലോകം കാതോലി ക്കേറ്റ് അരമന ചാപ്പലിൽ നടന്ന ശുശ്രൂഷയിൽ സഭാധ്യക്ഷൻ പ. ബസേലിയോസ് മാർ ത്തോമ്മാ മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവാ മുഖ്യകാർമികത്വം വഹിച്ചു. സഭയിലെ മെത്രാപ്പൊലീത്താമാർ സഹകാർമികരായി. ഇത്യോപ്യൻ, എറിട്രി യൻ സഭകളിലെയും റഷ്യൻ ഓർത്തഡോക്സ് സഭയിലെയും മെത്രാപ്പൊലീത്തമാരും പങ്കെടുത്തു.

അരമനയിൽ പുലർച്ചെ 4.30 നു രാത്രി നമസ്കാരവും പ്രഭാത നമസ്കാരവും നടന്നു. 6.45-നു കാതോലിക്കാ ബാവായെ അരമന ചാപ്പലിലേക്ക് ആനയിച്ചു. എപ്പിസ്കോപ്പൽ സുന്നഹദോസ് സെക്രട്ടറി ഡോ. യൂഹാനോൻ മാർ ക്രിസോസ്റ്റമോസ് ശുശ്രൂഷാ സംവിധാനത്തിനു നേതൃത്വം നൽകി. വൈദിക ട്രസ്റ്റി ഫാ. ഡോ. തോമസ് വർഗീസ് അമയിൽ അർക്കദിയാക്കോൻ സ്ഥാനം വഹിച്ചു. ഡോ. ജോൺസ് ഏബ്രഹാം കോനാട്ട് റീശ് കോറെപ്പിസ്കോപ്പാ ശുശ്രൂഷയെപ്പറ്റി വിശദീകരിച്ചു. വൈദിക സെമിനാരി മുൻ പ്രിൻസിപ്പൽ ഫാ. ഡോ. ജേക്കബ് കുര്യൻ മുഖ്യസന്ദേശം നൽകി. ഡോ. എം. പി. ജോർജ് കോറെപ്പിസ്കോപ്പായുടെ നേതൃത്വത്തിലുള്ള ഗായകസംഘം ഗാനശുശ്രൂഷ നയിച്ചു. കൂദാശയ്ക്കു ശേഷം ബാവായുടെ മുഖ്യകാർമികത്വത്തിൽ കുർബാന അർപ്പിച്ചു. വിശുദ്ധ മൂറോൻ പകർന്ന കുപ്പി വിശ്വാസികൾ ചുംബിച്ചു വണങ്ങിയതോടെ ചടങ്ങുകൾ അവസാനിച്ചു.

ബോംബെ ഭദ്രാസന സുവർണജൂബിലി ആഘോഷ സമാപനം

സാമൂഹിക അസമത്വം ഇല്ലാതാക്കാൻ മുന്നിട്ടിറങ്ങു: പ. കാതോലിക്കാ ബാവാ

നവിമുംബൈ: സാമൂഹിക അസമത്വം ഇല്ലാതാക്കാൻ ഏവരും മുന്നിട്ടിറങ്ങണമെന്ന് പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവാ ആഹ്വാനം ചെയ്തു. ബോംബെ ഭദ്രാസന സുവർ ണജൂബിലി ആഘോഷ സമാപന പൊതുസമ്മേളനം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

രാവിലെ 7-നു നമസ്കാരത്തെ തുടർന്ന് അർപ്പിച്ച കുർബാനയിൽ കാതോലിക്കാ ബാവാ മുഖ്യകാർ മികത്വവും സഭയിലെ മെത്രാപ്പൊലീത്തമാർ സഹ കാർമികത്വവും വഹിച്ചു. തുടർന്നു ബോംബെ ഭദ്രാ സന അധ്യക്ഷൻ ഗീവർഗീസ് മാർ കുറിലോസിന്റെ അധ്യക്ഷതയിൽ പൊതുസമ്മേളനം നടത്തി. മെത്രാ പ്പൊലീത്തമാരായ യൂഹാനോൻ മാർ പോളിക്കാർ പ്പോസ് (അങ്കമാലി), അലക്സിയോസ് മാർ യൗസേ ബിയോസ് (കൊൽക്കത്ത), യാക്കൂബ് മാർ ഏലി യാസ് (ബ്രഹ്മവാർ), ഗീവർഗീസ് മാർ തെയോഫി ലോസ് (അഹമ്മദാബാദ്, ബോംബെ സഹായ മെത്രാ പ്പൊലീത്ത), സഭയുടെ അൽമായ ട്രസ്റ്റി റോണി വർഗീസ് ഏബ്രഹാം, ഭദ്രാസന സെക്രട്ടറി ഫാ. തോമസ് കെ.ചാക്കോ, ജൂബിലി ജനറൽ കൺവീനർ ഫാ. ഏബ്രഹാം ജോസഫ് എന്നിവർ പ്രസംഗിച്ചു.

സഭയുടെ കോട്ടയം വൈദിക സെമിനാരി മുൻ പ്രിൻസിപ്പലും വേദശാസ്ത്രജ്ഞനും എഴുത്തുകാരനുമായ ഫാ. ഡോ. കെ. എം. ജോർജിന് ഒരു ലക്ഷം രൂപയും പ്രശസ്തിപത്രവും അടങ്ങുന്ന മാർ തെയോഫിലോസ് പുരസ്കാരം സമ്മാനിച്ചു. 56 വൈദികരും 55 ദേവാലയങ്ങളുമുള്ള ബോംബെ ഭദ്രാസനം സുവർണ ജൂബിലിയോട് അനുബന്ധിച്ച് വിവിധ മേഖലകളിലായി 15 സാമൂഹികക്ഷേമ പദ്ധതികളാണു നടപ്പാക്കി വരുന്നത്.

ORTHODOX CHURCH IN AMERICA
DIOCESE OF NEW YORK & NEW JERSEY
33 Hewitt Avenue - Bronxville, NY 10708
Office (914) 779-6580 Fax (914) 779-6581
www.nynjoca.org

Prot. No. 11-002/2026

Sunday, February 1, 2026

His Grace, Geevarghese Mar Coorilos, Metropolitan Beloved Clergy and Laity of the Diocese of Bombay.

The Malankara Orthodox Syrian Church,
Orthodox Church Centre, Dr. Mar Theophilius Marg,
Sector 10-A, Vashi, Juhu Nagar New Mumbai – 400 703.

Your Grace, Metropolitan Mar Coorilos and Members of the Diocese of Bombay of the Malankara Orthodox Syrian Church:

Christ is in our midst! – He is and ever shall be!

On the festive and joyous occasion of the Golden Jubilee of the establishment of the Diocese of Bombay of the Malankara Orthodox Syrian Church, I am pleased to offer my heartfelt congratulations and prayerful best wishes to Your Grace – my dear friend, and all the clergy and lay members of your Diocesan Family.

The idea of observing important events is as old as the human race. Thousands of years before the Birth of Christ, GOD told His people to observe every seventh day as a sabbath, and every seventh year as an anniversary, and then every fiftieth year as a special year. At the time of Moses, in that jubilee year no crops were sown, slaves were freed, and debts were suspended, for this was "a year of the Lord" (Leviticus 25).

As we commemorate this milestone event and thank GOD for 50 years of His blessings, we pause to pay tribute to the hierarchs, priests, deacons and faithful associated with the Diocese of Bombay since its establishment in 1976. Their enduring faith and tireless labors have indeed yielded exemplary spiritual growth, continued material progress, and outstanding leadership and support of the Malankara Orthodox Syrian Church, founded by Saint Thomas the Apostle.

This Jubilee celebration, however, is not simply a time to exult in the past; it also beckons us to look forward and heavenward. In the days ahead, new and different challenges must be faced by the Church. The future will be bright for Christianity if we are all willing to devote our time and efforts to bringing the Gospel of Jesus Christ to a world that has strayed from His path. Our Lord must be the object of our worship, the theme of our sermons, the pattern of our lives, and the inspiration of our ideals. Others must experience His presence when they visit our churches. For this to happen, every member of your beloved Diocese of Bombay must be totally dedicated to serving the Lord and His Holy Church.

In retrospect, you should indeed be justifiably proud of the accomplishments of the Diocese over the past half century. It has grown to include more than 70 churches, schools, clinics, hostels and other institutions. But now it is your task to build upon the foundation set by generations past. It is your responsibility to leave a similar legacy to the next generation of faithful who will call the Diocese of Bombay their home. May GOD help you in this most important task – and may He bless you richly for all that you have labored to accomplish in His Name and for His glory.

While I cannot be with you in person as you celebrate this Golden Anniversary, led by His Holiness, Baselios Marthoma Mathews III, Catholicos of the East in Malankara, the Hierarchs of the Holy Synod, and the clergy and faithful from across all of India, I join you in spirit and in prayer, offering supplication to GOD for your good health and prosperity, spiritual growth and joy, renewed faith and salvation, and that the Lord will protect and preserve you all for many blessed years!

With my love for you and my prayer that, by the intercessions of St. Thomas, one day soon we will be One Church again.

+Archbishop Michael

Archbishop of New York and
the Diocese of New York and New Jersey
The Orthodox Church in America

ബോംബെ ഭദ്രാസന സുവർണ്ണ ജൂബിലി സമാപനം

ഫാ. തോമസ് കെ ചാക്കോ

(ഭദ്രാസന സെക്രട്ടറി, ബോംബെ ഭദ്രാസനം)

മാനവരാശിയുടെ രക്ഷയ്ക്കും വീണ്ടെടുപ്പിനുമായി സ്വർഗ്ഗത്തിന്റെ മഹിമ വെടിഞ്ഞ് മനുഷ്യനായി ഭൂമിയിൽ അവതരിച്ച നമ്മുടെ കർത്താവും ദൈവവുമായ യേശുക്രിസ്തു ഏൽപ്പിച്ച സുവിശേഷദൗത്യവുമായി ഭാരതത്തിൽ എത്തിയ അപ്പോസ്തോലനായ മാർത്തോമ്മാ ശ്ലീഹായാൽ എ.ഡി. 52-ൽ സ്ഥാപിതമായതും, ശ്ലൈഹിക പിന്തുടർച്ചയും, സുറിയാനി ആരാധനാ പാരമ്പര്യവും, ആർഷഭാരതത്തിൻറെ തനതായ സംസ്കാരവും സമഗ്രമായി സമ്മേളിക്കുന്ന, സ്വതന്ത്രവും സ്വയംശീർഷകത്വവും, പൗരാണികതയും ഉള്ള ഭാരത ത്തിന്റെ ദേശീയ സഭയാണ് മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ. ഉത്ഥിതനായ തന്റെ ഗുരുവും നാഥനുമായ യേശുക്രിസ്തുവിലുള്ള വിശ്വാസവും ഭക്തിയും ഏറ്റുപറഞ്ഞ് തന്നെ ഏൽപ്പിച്ച സുവിശേഷ ദൗത്യവുമായി ഭാരതത്തിൽ എത്തിയ അപ്പോസ്തോലൻ പകർന്നുനൽകിയ ക്രിസ്തുവെളിച്ചത്തെ ഏറ്റു വാങ്ങിയ പ. സഭ ഇന്നു ആഗോള സഭയായി വളർന്നതിൽ നമുക്ക് ദൈവത്തെ മഹത്വപ്പെടുത്താം.

ഉപജീവനാർത്ഥം കേരളത്തിൽ നിന്നും ബോംബെ മഹാനഗരത്തിലേക്ക് കുടിയേറി പാർത്ത മലങ്കര നസ്രാണികൾ 1940-തുകളിൽ പരിമിതമായ സാഹചര്യങ്ങളിൽ വിവിധ ഇടവകകളിലായി ആരാധനയിലും പരസ്പര ഐക്യത്തിലുമായി കഴിഞ്ഞിരുന്നു. 1951-ൽ പരിശുദ്ധ ദൈവമാതാവിന്റെ നാമത്തിൽ ബോംബെ നഗരത്തിൽ സഭയുടെ ആദ്യ ദേവാലയം ദാദറിൽ സ്ഥാപിതമാവുകയും അതിനെ തുടർന്ന് സഭയുടെ ബാഹ്യകേരള ഭദ്രാസനത്തിൻറ ഭാഗമായി ഭാഗ്യസ്മരണാർഹരായ അലക്സിയോസ് മാർ തെവോദൊസ്യോസ് മെത്രാപ്പോലീത്തായുടേയും മാത്യൂസ് മാർ അത്താനാസ്യോസ് മെത്രാപ്പോലീത്തായുടേയും (പ. ബസ്സേലിയോസ് മാർത്തോമ്മാ മാത്യൂസ് പ്രഥമൻ കാതോലിക്കാബാവ) കീഴിൽ ബോംബെയുടെ വിവിധ പ്രദേശങ്ങളിൽ ആരാധനാകേന്ദ്രങ്ങൾ സ്ഥാപിതമാവുകയും ചെയ്തു. 1976-ൽ ബോംബെ ഭദ്രാസനം രൂപവൽക്കരിക്കപ്പെട്ടതിനുശേഷം സുവിശേഷ ദൗത്യം ഏറ്റെടുത്ത ഭദ്രാസനത്തിന്റെ പ്രഥമ മെത്രാപ്പോലീത്ത ഭാഗ്യസ്മരണാർഹനായ ഡോ. തോമസ് മാർ മക്കാറിയോസ് തിരുമേനിയുടേയും, ബോംബെ ഭദ്രാസനത്തിന്റെ ശിൽപിയും മലങ്കരസഭയുടെ അംബാസിഡറുമായിരുന്ന ഭാഗ്യസ്മരണാർഹനായ ഡോ. ഫീലിപ്പോസ് മാർ തേയോഫിലോസ് തിരുമേനിയുടേയും ദീർഘവീക്ഷണത്തിൻറെയും അക്ഷീണ പരിശ്രമത്തിന്റേയും ഫലമാണു ബോംബെ ഭദ്രാസനം.

തന്റെ മുൻഗാമികൾ ഏൽപ്പിച്ച സുവിശേഷദൗത്യത്തെ ഹൃദയത്തോട് ചേർത്തുവെച്ച് വർദ്ധിച്ച വീര്യത്തോടെ കഴിഞ്ഞ മൂന്നരപതിറ്റാണ്ടുകളായി തന്റെ ആടുകളെ നേർവഴിയിൽ നയിച്ചുകൊണ്ടിരിക്കുന്ന ബോംബെ ഭദ്രാസനത്തിന്റെ നവോത്ഥാന ശിൽപി ഗീവർഗീസ് മാർ കൂറിലോസ് ഡോ. തിരുമേനിയുടേയും ഭദ്രാസനത്തിന്റെ സഹായ മെത്രാപ്പോലീത്താ ഗീവർഗീസ് മാർ തെയോഫിലോസ് മെത്രാപ്പോലീത്തായുടേയും അശ്രാന്തപരിശ്രമത്താൽ ഇന്ന് ഈ ഭദ്രാസനം പരിശുദ്ധ സഭയുടെ പ്രകാശഗോപുരമായി പരിലസിക്കുന്നു.

ദൈവനിയോഗം ഏറ്റെടുത്ത മെത്രാപ്പോലീത്താ തിരുമേനിമാരോടൊപ്പം 56 അനുഗ്രഹീതരായ വൈദികരും ചേർന്ന് നിറവാർന്ന 55 ദേവാലയങ്ങൾക്ക് നേതൃത്വം നൽകുന്നു. സഭയുടെ സാമൂഹികപ്രതിബദ്ധതയുടെ ഭാഗമായി നടത്തപ്പെടുന്ന മാനേജ്മെൻറ് കോളജുകൾ ഉൾപ്പെടെയുള്ള മികവാർന്ന അനേക സദനം, വിദ്യാഭ്യാസസ്ഥാപനങ്ങൾ, ആരോഗ്യപരിപാലന കേന്ദ്രങ്ങൾ, ഭിന്നശേഷിക്കാരായ കുട്ടികൾക്കുള്ള സ്പെഷ്യൽ സ്കൂൾ, ചേരിയിൽ താമസിക്കുന്ന കുഞ്ഞുങ്ങൾക്ക് സൗജന്യ വിദ്യാഭ്യാസവും ഭക്ഷണവും നൽകുന്ന സെൻറ് മേരീസ് ഡോ. തേജസ്വിനി സ്കൂൾ, ക്ഷയരോഗബാധിതരായ കുട്ടികൾക്ക് പോഷകാഹാരം നൽകുന്ന പദ്ധതി, നിർദ്ധനരായ രോഗികൾക്കും അവരുടെ ആശ്രിതർക്കും ഉച്ചഭക്ഷണം സൗജന്യമായി നൽകുന്ന അന്നയോജന പദ്ധതി, നിരാലംബരായ ക്യാൻസർ രോഗികൾക്കുവേണ്ടിയുള്ള മാർ തേയോഫിലോസ് ആശ്രയ ഭവൻ, സ്ത്രീശാക്തീകരണത്തിന്റെ ഭാഗമായി ചേരിയിൽ നടത്തപ്പെടുന്ന സെൻറ് മേരീസ് ട്രെയിനിംഗ് സെൻറർ, തെരുവിലെ കുഞ്ഞുങ്ങൾക്കായി കലംബൊലിയിൽ നടത്തപ്പെടുന്ന മാർ അൽവാറീസ് ആഞ്ചൽ, സാവന്തവാഡിയിലെ 15 ഗ്രാമങ്ങളിൽ വൈദ്യസഹായം നൽകുന്ന മാർ അൽവാറീസ് സ്നേഹഭവൻ, ഗ്രാമീണ പുനരുദ്ധാന പദ്ധതികൾ എന്നിവയെല്ലാം ദൈവസ്നേഹത്തെ പകർന്നുനൽകുന്ന ഭദ്രാസനത്തിൻറെ വിവിധ ജീവകാരുണ്യ പ്രവർത്തങ്ങളാണ്. ബോംബെ ഭദ്രാസനത്തിന്റെ സുവർണ്ണജൂബിലിയുടെ ഭാഗമായി 15 തരത്തിലുള്ള സാമൂഹ്യ ജീവകാരുണ്യ പദ്ധതികളാണ് നടപ്പാക്കിക്കൊണ്ടിരിക്കുന്നത് എന്നതിൽ നമുക്ക് അഭിമാനിക്കാം.

ഭദ്രാസനത്തിന്റെ സുവർണ്ണ ജൂബിലി ആഘോഷങ്ങളുടെ സമാപനം 2026 ഫെബ്രുവരി മാസം 1-ാം തീയതി വാശി സെന്റ് മേരീസ് സ്കൂൾ മൈതാനത്ത് നടന്നു. അന്നേ ദിവസം രാവിലെ 7 മണിക്ക് ആരംഭിച്ച പ്രഭാത നമസ്കാരത്തെ തുടർന്ന് പ. ബസ്സേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ കാതോലിക്കാബാവായുടെ മുഖ്യകാർമ്മികത്വത്തിലും സഭയിലെ അഭിവന്ദ്യരായ പിതാക്കന്മാരുടെ സഹകാർമ്മികത്വത്തിലും വിശുദ്ധ കുർബ്ബാന നടന്നു.

വിശുദ്ധ കുർബ്ബനയ്ക്കുശേഷം പരിശുദ്ധ കാതോലിക്കാബാവായുടെ അദ്ധ്യക്ഷതയിൽ കൂടിയ പൊതുസമ്മേളനം മഹാരാഷ്ട്രയുടെ ഡെപ്യൂട്ടി ചീഫ് മിനിസ്റ്ററും താനെയുടെ ഗാർഡിയൻ മിനിസ്റ്ററും മഹരാഷ്ട്രയുടെ അർബൻ ഡവലപ്മെൻറിൻറയും പബ്ലിക് വർക്കിന്റെയും മിനിസ്റ്ററായും പ്രവർത്തിക്കുന്ന ഏകനാഥ് ഷിൻഡേ ഉദ്ഘാടനം ചെയ്തു. ഓർത്തഡോക്സ് ചർച്ച് ഓഫ് അമേരിക്കയുടെ ന്യൂയോർക്ക് ജേഴ്സി ഭദ്രാസനാധിപനും സെന്റ് ടിക്കോൺ ഓർത്തഡോക്സ് തിയോളജിക്കൽ സെമിനാരിയുടെ റെക്ടറുമായ ആർച്ച്ബിഷപ് മൈക്കിൾ ദാഹുലിച് മുഖ്യസന്ദേശം നൽകി. തദവസരത്തിൽ പരിശുദ്ധ സഭയിലെ മെത്രാപ്പോലീത്താമാരായ ഗീവർഗീസ് മാർ കൂറിലോസ് (ബോംബെ), യൂഹാനോൻ മാർ പോളികർപ്പോസ് (അങ്കമാലി), അലക്സിയോസ് മാർ യൗസേബിയോസ് (കൽക്കട്ടാ), യാക്കോബ് മാർ ഏലിയാസ് (ബ്രഹ്മവാർ), ഗീവർഗീസ് മാർ തെയോഫിലോസ് (അഹമ്മദാബാദ്, ബോംബെ-സഹായ മെത്രാപ്പോലീത്താ) എന്നിവർ സന്ദേശങ്ങൾ നൽകി.

പ്രസ്തുത സമ്മേളനത്തിൽ മലങ്കര സഭയുടെ കോട്ടയം വൈദിക സെമിനാരിയുടെ മുൻ പ്രിൻസിപ്പലും വിശ്വപ്രസിദ്ധ വേദശാസ്ത്രജ്ഞനും ചിന്തകനും എഴുത്തുകാരനുമായ റവ. ഫാ. ഡോ. കെ. എം. ജോർജിനു ഒരു ലക്ഷം രൂപയും പ്രശസ്തിപത്രവും അടങ്ങുന്ന ഡോ. മാർ തേയോഫിലോസ് അവാർഡ് നൽകി ആദരിച്ചു.

ബോംബെ ഭദ്രാസന സുവർണ ജൂബിലി ആഘോഷ സമാപന പൊതുസമ്മേളനം പ. ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവാ ഉദ്ഘാടനം ചെയ്യുന്നു.

ബോംബെ ഭദ്രാസനം ഡോ. ഫീലിപ്പോസ് മാർ തെയോഫിലോസിന്റെ പേരിൽ ഏർപ്പെടുത്തിയിരിക്കുന്ന അവാർഡ് പ. കാതോലിക്കാ ബാവാ ഫാ. ഡോ. കെ. എം. ജോർജിന് സമ്മാനിക്കുന്നു. ഒരു ലക്ഷം രൂപയും പ്രശസ്തിപത്രവും അടങ്ങിയ അവാർഡ് ഫെബ്രുവരി ഒന്നിന് നടന്ന ബോംബെ ഭദ്രാസന സുവർണ്ണ ജൂബിലി സമാപന സമ്മേളനത്തിലാണ് സമ്മാനിച്ചത്.

പ. പാമ്പാടി തിരുമേനിയുടെ തിരുമൊഴികൾ

- *മക്കളെ, പ്രയാസപ്പെടുന്നവരെ സഹായിക്കണേ. പകവെച്ചുകൊണ്ടിരിക്കരുത്. എല്ലാവരേയും സ്നേഹിക്കണം. കേസും വഴക്കും നന്നല്ല.*
- *ഭർത്താക്കന്മാരേ! നിങ്ങൾ ഭക്ഷണം കഴിക്കുമ്പോൾ ഭാര്യമാരുടെ ഭക്ഷണക്കാര്യവും ഓർക്കണമേ. അവരെക്കുറിച്ചു നിങ്ങൾക്കു കരുതൽ ഉണ്ടായിരിക്കണം. അവർ ഭക്ഷണം കഴിക്കുന്നുണ്ടോ എന്നു നോക്കണം.*
- *കുഞ്ഞുങ്ങളേ! നിങ്ങൾ ദൈവത്തെ സ്നേഹിക്കണം. മാതാപിതാക്കളെ അനുസരിക്കണം. ഗുരുക്കന്മാരെ ബഹുമാനിക്കണം.*
- *വൈദികർ നല്ലവണ്ണം പ്രാർത്ഥിക്കണം. ആളുകളിൽ പ്രാർത്ഥനാശീലം വളർത്തണം. ഇക്കാര്യത്തിന് എവിടെയും ഊന്നൽ കൊടുക്കണം.*
- *പള്ളി ദൈവത്തിന്റെ ഭവനമാണ്. നാം പള്ളിയിൽ വിശുദ്ധിയിലും സത്യത്തിലും നീതിയിലും പ്രവർത്തിക്കണം. അപ്പോൾ ദൈവാനുഗ്രഹം ഉണ്ടാകും.*
- *വൈദികർ ദേവാലയത്തോടും അനുഷ്ഠാനങ്ങളോടും എപ്പോഴും ഭക്തിയുള്ളവരായിരിക്കണം.*
- *പള്ളിയുടെ മുതൽ ദുരുപയോഗം ചെയ്താൽ അയ്മേനിയെന്നല്ല, തിരുമേനിയായാലും ദൈവം വെറുതെ വിടുകയില്ല.*
- *ഓരോ വീടും ദൈവത്തിന്റെ ഭവനമാണെന്നോർത്തുകൊള്ളണം.*
- *വിശപ്പു മുതലായ പ്രാഥമിക ആവശ്യങ്ങളിൽ മനുഷ്യരെല്ലാം തുല്യരാണ്. എന്റെ വിശപ്പും ഈ പാവത്തിന്റെ വിശപ്പും തമ്മിൽ ഒരു വ്യത്യാസവുമില്ല.*

– പാമ്പാടി തിരുമേനി

വിശുദ്ധ മൂറോൻ കൂദാശാ: വിവിധ ദൃശ്യങ്ങൾ

കോട്ടയം ദേവലോകം അരമന ചാപ്പലിൽ വിശുദ്ധ മൂറോൻ കൂദാശാ മധ്യേ മദ്ബഹയിൽ പ്രാർഥന നടത്തുന്ന ഓർത്തഡോക്സ് സഭാധ്യക്ഷൻ പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവാ. ഫാ. ഡോ. തോമസ് വർഗീസ് അമയിൽ, ഡോ. യൂഹാനോൻ മാർ ദിയസ്കോറസ്, യാക്കോബ് റമ്പാൻ, ഫാ. ഗീവർഗീസ് ജോൺസൺ, ഡോ. ജോൺസ് ഏബ്രഹാം കോനാട്ട് റീശ് കോറെപ്പിസ്കോപ്പ എന്നിവർ സമീപം.

വിശുദ്ധ മൂറോൻ കൂദാശ: മലങ്കരസഭാധ്യക്ഷന് ഓർത്തഡോക്സ് സഭകളുടെ ആദരം

സഭാധ്യക്ഷപദവി ഏറ്റെടുത്ത ശേഷമുള്ള ആദ്യ മൂറോൻ കൂദാശ നിർവഹിച്ച പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവായ്ക്ക് ആശംസകൾ നേർന്ന് വിവിധ ഓർത്തഡോക്സ് സഭകൾ. ഓറിയന്റൽ ഓർത്തഡോക്സ് കുടുംബത്തിലെ അംഗങ്ങളായ എത്യോപ്യൻ, എറിത്രിയൻ സഭകളുടെ പ്രതിനിധികൾ ഉപഹാരം സമർപ്പിച്ചു. എത്യോപ്യൻ ഓർത്തഡോക്സ് സഭാതലൻ ആബൂനെ മത്ഥ്യാസ് ഒന്നാമനെ പ്രതിനിധീകരിച്ച് ആർച്ച് ബിഷപ്പ് മൽക്കിസദേക്ക് വി. മൂറോൻ കൂദാശയിൽ സംബന്ധിച്ചു. എറിത്രിയൻ സഭയുടെ ആർച്ച് ബിഷപ്പുമാരായ ലൂക്ക്, മക്കാറിയോസ്, സേവേറിയോസ്, ഫാ.ബർക്കത് കിദാനെ എന്നിവർ ആശംസകൾ നേർന്നു. റഷ്യൻ ഓർത്തഡോക്സ് സഭയുടെ പരിശുദ്ധ കിറിൽ പാത്രിയർക്കീസിന് വേണ്ടി സഭയുടെ എക്യൂമെനിക്കൽ ഡിപ്പാർട്ട്മെന്റ് പ്രതിനിധികൾ ദൈവമാതാവിന്റെ ഐക്കൺ ആലേഖനം ചെയ്ത മാല പരിശുദ്ധ കാതോലിക്കാ ബാവായ്ക്ക് സമ്മാനിച്ചു. റഷ്യൻസഭയുടെ എക്യൂമെനിക്കൽ വിഭാഗം പ്രസിഡന്റ് മെത്രാപ്പോലീത്താ ആന്റണി, സെക്രട്ടറി ഫാ സ്റ്റെഫാൻ എന്നിവരുടെ നേതൃത്വത്തിലുള്ള സംഘമാണ് ദേവലോകത്ത് എത്തിയത്. വിവിധ ഓറിയന്റൽ ഓർത്തഡോക്സ് സഭകളും, റഷ്യൻ ഓർത്തഡോക്സ് സഭയും മലങ്കരസഭയോടും സഭാധ്യക്ഷനോടും കാട്ടിയ പ്രാർത്ഥനാപൂർണമായ സ്നേഹത്തിന് ഏബ്രഹാം മാർ സ്തേഫാനോസ് മെത്രാപ്പോലീത്താ നന്ദി രേഖപ്പെടുത്തി.

അനശ്വരതയുടെ നിർമ്മല മൂറോൻ

ഫാ. ഡോ. കെ. എം. ജോർജ്

മൂറോൻ എന്ന സുറിയാനി പദം Myron എന്ന ഗ്രീക്ക് വാക്കു തന്നെയാണ്. അതീവ ഹൃദ്യമായ പരിമളമുള്ള ഒരു തൈലമാണിത്. ശിശുവായ യേശുവിന് വിദ്വാന്മാർ സമർപ്പിച്ച കാഴ്ചകളിൽ മൂർ (Myrrh) എന്ന സുഗന്ധദ്രവ്യവും ഉണ്ടായിരുന്നു. മൂറോൻ എന്ന വാക്കും അതിൽ നിന്ന് ഉണ്ടായതാണ്. സുഗന്ധമുള്ള വൃക്ഷക്കറയാണ് മൂർ. സുറിയാനി സഭയിൽ രണ്ടു കാര്യങ്ങൾക്കാണ് മൂറോൻ തൈലം ഉപയോഗിക്കുന്നത്. മാമോദീസായോടൊപ്പം ശിശുവിന്റെ ശരീരത്തിൽ നടത്തുന്ന അഭിഷേകം (anointing). അതുപോലെ പള്ളികൂദാശ ചെയ്യുമ്പോൾ ത്രോണോസും തബ്ലൈത്തായും പള്ളിയുടെ വാതിൽപടികളും മൂറോൻ തൈലംകൊണ്ട് അഭിഷേകം ചെയ്യുന്നു. പരിശുദ്ധാത്മാവിന്റെ അടയാളമായിട്ടാണ് ഈ അഭിഷേകം നടത്തുന്നത്. മാമോദീസായേൽക്കുന്ന കുഞ്ഞ് വളർന്നു വരുമ്പോൾ പരിശുദ്ധാത്മാവിന്റെ സൗരഭ്യങ്ങളാൽ നിറയണമേ എന്നാണ് നാം പ്രാർത്ഥിക്കുന്നത്. ഇവിടെ സൗരഭ്യം പരിശുദ്ധാത്മാവിന്റെ എല്ലാ നൽവരങ്ങളുടെയും അടയാളമാണ്. ഗലാത്യ ലേഖനത്തിൽ പൗലോസ് അപ്പോസ്തോലൻ സൂചിപ്പിക്കുന്ന പരിശുദ്ധാത്മ ഫലങ്ങൾ (സ്നേഹം, സന്തോഷം, സമാധാനം തുടങ്ങിയവ), അതുപോലെ കൊരിന്ത്യ ലേഖനങ്ങളിൽ സൂചിപ്പിക്കുന്ന പരിശുദ്ധാത്മാവിന്റെ വരങ്ങൾ എന്നിവയാണ് സൗരഭ്യങ്ങൾ. ഇവയെല്ലാം ഈ വിശുദ്ധ സുഗന്ധതൈലത്തിന്റെ അഭിഷേകത്താൽ സ്നാനമേറ്റ ശിശുവിന്റെ ക്രിസ്തീയ ജീവിതത്തെ സമ്പുഷ്ടമാക്കണം എന്നർത്ഥം.

അതുപോലെതന്നെ ദേവാലയത്തെ ഒരു ശരീരമായി, അതായത് ജീവനുള്ള ദൈവത്തിന്റെ ആലയമായി കരുതുന്നതുകൊണ്ടാണ് ദേവാലയത്തിന്റെ വിശുദ്ധീകരണത്തിനും ഈ തൈലം ഉപയോഗിക്കുന്നത്. 'അനശ്വരതയുടെ നിർമ്മല മൂറോൻ' എന്നും 'മരണമില്ലായ്മയുടെ പരിമള വാസന' എന്നും സെദ്റായിൽ പറയുന്നത് ഒരേ കാര്യം തന്നെയാണ്. മാമോദീസാ ഏറ്റ് പരിശുദ്ധാത്മാവിന്റെ അഭിഷേകം പ്രാപിച്ച് പുതിയ സൃഷ്ടിയായി തീരുമ്പോൾ നാം മരണമില്ലാത്ത, അനശ്വരമായ അവസ്ഥയിലേക്കു പ്രവേശിക്കുന്നു എന്നാണ് സൂചന. ഇടയ്ക്ക് ശരീരപരമായ രോഗവും മരണവും നമുക്കുണ്ടാകാം. എന്നാൽ അതിനെയൊക്കെ അതിജീവിക്കുന്ന അനശ്വരജീവന്റെ പരിമളമാണ് നമ്മെ ആവരണം ചെയ്യുന്നത്. നമ്മുടെയെല്ലാം അനുഭവത്തിൽ, മരണം ദുർഗന്ധവും ജീവൻ സുഗന്ധവുമാണ്. അതുകൊണ്ടാണ് നമ്മുടെ ആരാധനയിൽ ധൂപമാണെങ്കിലും തൈലമാണെങ്കിലും സുഗന്ധത്തിന് ഇത്രയേറെ പ്രാധാന്യം കൊടുക്കുന്നത്. ഓരോ പ്രാർത്ഥനയിലും ഓരോ അനുഷ്ഠാനത്തിലും നമ്മൾ ഊന്നിപ്പറയുന്നത് മരണത്തിന്റെ തേർവാഴ്ചയല്ല ജീവന്റെ വിജയമാണ്. അതിന്റെയെല്ലാം ഉറവിടം നമുക്കുവേണ്ടി മരിക്കയും ഉയിർക്കയും പാതാളത്തിലേക്കിറങ്ങി ആദവും ഹവ്വയും മുതൽ വാങ്ങിപ്പോയ എല്ലാ മനുഷ്യരോടും ജീവന്റെ സുവിശേഷം അറിയിക്കുകയും ചെയ്യുന്ന ക്രിസ്തുവാണ്.

അതിമനോഹരവും ആഴമേറിയതുമായ സാർവ്വത്രിക രക്ഷാനുഭവത്തിന്റെ മുന്നറിവാണ് പരിമള വാസന. അതുകൊണ്ട് "നിന്റെ ദിവ്യജ്ഞാനമാകുന്ന സൗരഭ്യം ഞങ്ങളുടെ ഹൃദയങ്ങളിൽ നീ നിറച്ചു" എന്ന് ഇവിടെ പറയുന്നു. അപ്പോൾ അറിവ് ജീവദായകമാണ്. അത് സുഗന്ധപൂരിതമാണ്. അതായത് ജ്ഞാനത്തിന്റെ ഉറവയിലേക്കു നമ്മെ ആകർഷിച്ച് വലിച്ചടുപ്പിക്കുന്നതാണ് സുഗന്ധം. ഇരുട്ടിൽ നിന്നും മരണത്തിൽ നിന്നും അജ്ഞതയിൽ നിന്നുമാണ് നാം അറിവിന്റെ വെളിച്ചത്തിലേക്കും സുരഭിലമായ ജീവന്റെ മണ്ഡലത്തിലേക്കും പ്രവേശിക്കുന്നത്.

അറിവും സൗരഭ്യവും തമ്മിലുള്ള ഈ ബന്ധം വളരെ സുപ്രധാനമാണ് നമ്മുടെ കാലഘട്ടത്തിൽ. കാരണം, അറിവു തേടിയുള്ള മനുഷ്യന്റെ യജ്ഞം ഇപ്പോൾ എത്തിനിൽക്കുന്നത് നിർമ്മിതബുദ്ധി (Artificial Intelligence), ക്വാണ്ടം കമ്പ്യൂട്ടിംഗ്, സിന്തറ്റിക് ബയോളജി വാഗ്ദാനം ചെയ്യുന്ന മരണമില്ലായ്മ തുടങ്ങിയവയിലാണ്. ഇത് ഇപ്പോഴത്തെ അവസ്ഥയിൽ ഏറ്റവും പരമമായ അറിവാണ് എന്ന് ലോകത്തിൽ മിക്ക ആളുകളും വിശ്വസിക്കുന്നു.

എന്നാൽ ഈ സാങ്കേതിക ജ്ഞാനത്തെ ഉപയോഗിച്ച് മനുഷ്യരെയും മറ്റ് ജീവികളെയും എങ്ങനെ ഉന്മൂലനം ചെയ്യാം എന്ന് ചിന്തിക്കുന്ന രാഷ്ട്രനേതാക്കളും യുദ്ധത്തിന്റെ ലാഭം കൊയ്യുന്ന വ്യവസായികളും നമ്മുടെ കൊച്ചുഭൂമിയെ ചുടലപറമ്പാക്കാൻ കരുത്തുള്ള കോർപ്പറേഷനുകളും മറ്റുമാണ് ഈ സാങ്കേതിക ജ്ഞാനത്തെ കൂടുതൽ കൂടുതൽ ഉപയോഗിക്കുന്നത്. അപ്പോൾ ആ ജ്ഞാനത്തിന് സുഗന്ധമില്ല. മറിച്ച് അത് മരണത്തിന്റെ ദുർഗന്ധം വമിപ്പിച്ചു തുടങ്ങുന്നു. അതാണ് ഇപ്പോൾ പശ്ചിമേഷ്യയിൽ നാം കാണുന്ന ആയുധ പ്രയോഗങ്ങൾ. അതുകൊണ്ട് ദൈവത്തിന്റെ ജ്ഞാനം യഥാർത്ഥമായ തിരിച്ചറിവിന്റെയും സഹാനുഭൂതിയുടെയും പരസ്പര ക്ഷമയുടെയും സൗരഭ്യം നൽകുന്നു എന്ന് തിരിച്ചറിയുന്നതാണ് ദിവ്യജ്ഞാനം.

നാടകീയമായ ഒരു വൻ മാറ്റത്തിലൂടെ നമ്മുടെ ഇപ്പോഴത്തെ ശാസ്ത്രസാങ്കേതിക ഡിജിറ്റൽ സംസ്കാരം മുഴുവൻ തകർന്നടിയാൻ സാധ്യതയുണ്ട്. എല്ലാ മനുഷ്യ ശരീരങ്ങളെയും വ്യാപകമായി രോഗാതുരമാക്കി നശിപ്പിക്കുന്ന ഒരു ബയോ വൈറസ്, അല്ലെങ്കിൽ നമ്മുടെ ലോകമാസകലമുള്ള സൈബർ നെറ്റ്വർക്കിനെ ഒരു നിമിഷംകൊണ്ട് നിശ്ചേതനമാക്കുന്ന ഒരു ഡിജിറ്റൽ വൈറസ്, അല്ലെങ്കിൽ അതിശക്തമായ ഒരു സൗരവാതം തുടങ്ങി അതിസൂക്ഷ്മവും നാടകീയവുമായ പല കാരണങ്ങൾ കൊണ്ട് നമ്മുടെ ഇപ്പോഴത്തെ ആഗോള മനുഷ്യസംസ്കാരം ഇല്ലാതാകാം. കുറെ മനുഷ്യർ തുടർന്ന് ജീവിച്ചാൽ തന്നെ അവർ നേടിയ ഭൗതിക വിജ്ഞാനം ഇല്ലാതാകാം. നാലായിരം വർഷം മുമ്പ് ഈജിപ്റ്റിലെ മരുഭൂമിയിൽ പിരമിഡുകൾ പടുത്തുയർത്തിയ ജ്ഞാനവും വിദ്യയും പിന്നീട് പൂർണ്ണമായും നഷ്ടപ്പെട്ടു. ഇപ്പോഴും മനുഷ്യൻ അന്വേഷിച്ചുകൊണ്ടിരിക്കുകയാണ് നഷ്ടപ്പെട്ടുപോയ ആ വിദ്യയുടെ രഹസ്യം. ഇതുപോലെ ഒരുപക്ഷേ കുറെക്കാലം കഴിയുമ്പോൾ (അത് വളരെ പെട്ടെന്നുമാവാം) മനുഷ്യർ നോക്കുമ്പോൾ അവരുടെ പൂർവ്വീകർ സൃഷ്ടിച്ച കമ്പ്യൂട്ടറുകളുടെയും സാറ്റലൈറ്റുകളുടെയും അസ്ഥികൂടങ്ങൾ (Hardware) കണ്ടെന്നിരിക്കും. അവയ്ക്കുള്ളിൽ പ്രവർത്തനനിരതമായ സോഫ്റ്റ്വെയർ വിദ്യ പൂർണ്ണമായും ഇല്ലാതായെന്നു വരാം. ഇങ്ങനെയൊരു രംഗം നമുക്ക് സങ്കല്പിക്കാം. എന്നാൽ യാഥാർത്ഥ്യം എല്ലാ സങ്കല്പങ്ങളെയും കടത്തിവെട്ടുന്നതാണ്. ഇംഗ്ലീഷിൽ പറയാറുണ്ടല്ലോ "Truth is stranger than fiction." (ഒരു മാസം മുമ്പ് 2026 ഫെബ്രുവരിയിലാണ് ഈ ലേഖകൻ സൗദി അറേബ്യ, യു.എ.ഇ. എന്നീ രാജ്യങ്ങൾ സന്ദർശിച്ചത്. പാശ്ചാത്യരാജ്യങ്ങളെപ്പോലും അതിശയിപ്പിക്കുന്നവിധം ശാസ്ത്ര സാങ്കേതിക മേഖലയിലും മറ്റും ഈ രാജ്യങ്ങൾ കൈവരിച്ച നേട്ടങ്ങൾ കണ്ട്, സമാധാനപൂർവ്വം ജനങ്ങൾ വസിക്കുന്നത് അറിഞ്ഞ്, അദ്ഭുതപ്പെട്ട്, ഒരു ലേഖനം എഴുതാൻ തുടങ്ങുമ്പോഴാണ് ഇറാൻ-അമേരിക്ക/ഇസ്രായേൽ യുദ്ധം തുടങ്ങുന്നത്. മഹാനാശത്തിന്റെ ഭീതിയിലാണ് ജനങ്ങളെല്ലാം.)

വിനയപൂർവ്വമുള്ള നമ്മുടെ ആരാധന

ഇങ്ങനെയുള്ള സാഹചര്യങ്ങൾ നമ്മുടെ മനുഷ്യാവസ്ഥയിലും ലോകവ്യാപാരങ്ങളിലും നിലനിൽക്കുന്നതുകൊണ്ടാണ് നാം വിനയപൂർവ്വം ദൈവസന്നിധിയിൽ നിന്ന് സകലത്തിന്റെയും ഉറവയും അറിവുമാകുന്ന സ്രഷ്ടാവായ ദൈവത്തെ പ്രത്യാശയോടു കൂടി ആരാധിക്കുന്നത്. ഇങ്ങനെ ദിവ്യരഹസ്യങ്ങളെ പരിചയിച്ച് അനുഷ്ഠിക്കുവാൻ എളിയവരും മൺമയരുമായ നമ്മെ ദൈവം വിളിച്ചിരിക്കുന്നതിനാൽ നാം ദൈവത്തെ മഹത്വപ്പെടുത്തുന്നു. അതുകൊണ്ട് പുതിയ സ്വാതന്ത്ര്യത്തിലേക്കുള്ള വിമോചനമാണ് നാം അഭ്യർത്ഥിക്കുന്നത്. പാപത്തിന്റെ അടിമത്തത്തിൽ നിന്നും അർത്ഥമില്ലാത്ത വ്യവഹാരങ്ങളിൽ നിന്നുമാണ് നാം മോചനം അർത്ഥിക്കുന്നത്. അതോടൊപ്പം കർത്താവിന്റെ നുകം

ലഘുവും ആനന്ദപ്രദവുമെന്ന് അരുളിചെയ്തിരിക്കുന്നതുകൊണ്ട് ആ സ്നേഹ പൂർണ്ണമായ ശിക്ഷണവും വിശ്വാസവും ഏറ്റുവാങ്ങി ദൈവത്തിനും മനുഷ്യർക്കും സേവനം അനുഷ്ഠിക്കുവാൻ ഞങ്ങളെ യോഗ്യരാക്കണമേ എന്നും നാം പ്രാർത്ഥിക്കുന്നു. ഈ ലോകജീവിതത്തിൽ നമ്മൾ ഉണർവ്വുള്ളവരായി ആത്മാവിന്റെയും മനസ്സിന്റെയും ശരീരത്തിന്റെയും ജാഗ്രതയോടും ലക്ഷ്യബോധത്തോടും കൂടി ദൈവസന്നിധിയിൽ ജീവിക്കുവാൻ ഞങ്ങളെ അനുഗ്രഹിക്കണമേ എന്നാണ് നമ്മുടെ അന്തിമ പ്രാർത്ഥന.

ഇത് വളരെ നിർണ്ണായകമായ ഒന്നാണ്. കാരണം മനുഷ്യജീവിതത്തിന്റെ അർത്ഥമെന്താണ് എന്നു ചിന്തിക്കുവാൻ നമുക്ക് പലപ്പോഴും അവസരം കിട്ടുന്നില്ല. ലോകം നമ്മെ കാണിച്ചുതരുന്ന വഴികളിലൂടെ നടന്നാൽ വിജയം കൈവരിക്കാം എന്ന് എല്ലാവരും പറയുന്നതുകൊണ്ട് നാമൊക്കെ അതിലേ നടക്കുന്നു. സ്വാഭാവികമായിട്ടും സമ്പത്ത്, പ്രശസ്തി, അധികാരം, ശക്തി, സർവ്വാധിപത്യം എന്നിവയെല്ലാം പരമമായ ലക്ഷ്യങ്ങളായി ലോകം നമുക്ക് കാണിച്ചുതരുന്നു. കുറേപ്പേരെങ്കിലും ചില പ്രതിസന്ധികളിൽ അവരുടെ തെറ്റായ യാത്രയെ തിരിച്ചറിയുകയും വഴിമാറി നടക്കുകയും ചെയ്യും. അതുകൊണ്ട് അർത്ഥമന്വേഷിക്കുക എന്നത് നമ്മുടെ ജീവിതത്തിന്റെ ഒരു പ്രധാന ചുമതലയായി നാം ഏറ്റെടുക്കണം. നീതിയിലും സമാധാനത്തിലും കാരുണ്യത്തിലും സ്നേഹത്തെ പ്രതിയുള്ള സഹനത്തിലും മറ്റു മനുഷ്യരോടൊപ്പം ആയുസ്സ് പൂർത്തിയാക്കാനാണ് കർത്താവായ യേശുക്രിസ്തു നമ്മെ പഠിപ്പിക്കുന്നത്. ദുഃഖങ്ങളും വിഷമങ്ങളും നെടുവീർപ്പുകളുമില്ലാത്ത, മാലാഖമാർക്ക് സദൃശ്യമായ അനുഭവത്തെയാണ് നാം മുമ്പിൽ കാണുന്നത്. ഇത് എനിക്ക് മാത്രമല്ല എല്ലാ മനുഷ്യരുടേയും ദിവ്യാവകാശമാണ് എന്നു കരുതി നമ്മുടെ ജീവിതത്തെയും പ്രവർത്തനങ്ങളെയും ക്രമീകരിക്കുമ്പോൾ മരണമില്ലായ്മയുടെ പരിമളവാസന നാം അനുഭവിച്ചു തുടങ്ങും. ഈ ലോകത്തിന്റെ കാറ്റിലും കോളിലും തീവ്രദുഃഖങ്ങളിലുംപെട്ട് നാം ഉഴലുമ്പോൾതന്നെ ഈ പുതിയ സുഗന്ധത്തിന്റെ ചില രേണുക്കൾ എങ്കിലും നമുക്ക് ലഭിച്ചാൽ അത് മഹാഭാഗ്യമാണ്.

മലങ്കരസഭയിലെ വിശുദ്ധ മൂറോൻ കൂദാശകൾ

വർഗീസ് ജോൺ തോട്ടപ്പുഴ

പരിശുദ്ധ ബസേലിയോസ് മാർതോമ്മാ മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവാ കോട്ടയം ദേവലോകം കാതോലിക്കേറ്റ് അരമന ചാപ്പലിൽ 2026 മാർച്ച് 27 (40ാം വെള്ളിയാഴ്ച) വിശുദ്ധ മൂറോൻ കൂദാശ നടത്തുന്നു.

ലഭ്യമായ രേഖകൾ അനുസരിച്ച് മലങ്കരയിൽ ഇദംപ്രഥമമായി വി. മൂറോൻ കൂദാശ നടന്നത് 1876 ഓഗസ്റ്റ് 27 (സുറിയാനി കണക്കിന് ചിങ്ങം 15) ഞായറാഴ്ച വാങ്ങിപ്പു (ശൂനോയോ) പെരുന്നാൾ ദിവസമാണ്. മുളന്തുരുത്തി മാർതൊമ്മൻ പള്ളിയിൽ പരിശുദ്ധ ഇഗ്നാത്തിയോസ് പത്രോസ് തൃതീയൻ പാത്രിയർക്കീസ് ബാവായാണ് ഇതു നിർവഹിച്ചത്. ഇതേ പള്ളിയിൽ പരിശുദ്ധ ഇഗ്നാത്തിയോസ് അബ്ദുള്ളാ ദ്വിതീയൻ പാത്രിയർക്കീസ് ബാവാ 1911 ഓഗസ്റ്റ് 19 (സുറിയാനി കണക്കിന് ചിങ്ങം 6) ശനിയാഴ്ച മറുരൂപ പെരുന്നാൾ ദിവസം ഈ കൂദാശ നടത്തി.

കോട്ടയം പഴയ സെമിനാരിയിൽ പരിശുദ്ധ ബസേലിയോസ് ഗീവർഗീസ് ദ്വിതീയൻ കാതോലിക്കാ ബാവാ 1932 ഏപ്രിൽ 22 നും (40-ാം വെള്ളിയാഴ്ച) 1951 ഏപ്രിൽ 20 നും (40-ാം വെള്ളിയാഴ്ച) പരിശുദ്ധ ബസേലിയോസ് ഔഗേൻ പ്രഥമൻ കാതോലിക്കാ ബാവാ 1967 ഡിസംബർ 21 വ്യാഴാഴ്ച (വി. തോമ്മാ ശ്ലീഹായുടെ ഓർമ്മദിനം) വി. മൂറോൻ കൂദാശ ചെയ്തു.

പരിശുദ്ധ ബസേലിയോസ് മാർതോമ്മാ മാത്യൂസ് പ്രഥമൻ കാതോലിക്കാ ബാവാ കോട്ടയം പഴയ സെമിനാരിയിൽ 1977 ഏപ്രിൽ 1 നും (40ാം വെള്ളിയാഴ്ച) കോട്ടയം ദേവലോകം കാതോലിക്കേറ്റ് അരമന ചാപ്പലിൽ 1988 മാർച്ച് 25 നും (40-ാം വെള്ളിയാഴ്ച & വചനിപ്പു പെരുന്നാൾ) ഈ കൂദാശ നടത്തി.

പിന്നീടുള്ള മൂറോൻ കൂദാശകൾ കോട്ടയം ദേവലോകം കാതോലിക്കേറ്റ് അരമന ചാപ്പലിലാണ് നടന്നത്. പരിശുദ്ധ ബസേലിയോസ് മാർതോമ്മാ മാത്യൂസ് ദ്വിതീയൻ കാതോലിക്കാ ബാവാ 1999 മാർച്ച് 26 നും പരിശുദ്ധ ബസേലിയോസ് മാർതോമ്മാ ദിദിമോസ് പ്രഥമൻ കാതോലിക്കാ ബാവാ 2009 ഏപ്രിൽ 3-നും പരിശുദ്ധ ബസേലിയോസ് മാർതോമ്മാ പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവാ 2018 മാർച്ച് 23-നും വി. മൂറോൻ കൂദാശ ചെയ്തു. മൂന്നും 40-ാം വെള്ളിയാഴ്ചയായിരുന്നു.

മലങ്കരയിൽ 1876 നു മുൻപ് വിശുദ്ധ മൂറോൻ കൂദാശ നടന്നിട്ടുണ്ടോ എന്നു നിശ്ചയമില്ല. എന്നാൽ 1751-ൽ മലങ്കരയിൽ വന്ന മാർ ബസേലിയോസ് ശക്രള്ളാ മഫ്രിയാനാ ബാവാ (+ 1764) കൊച്ചി എരുമീശാ (മട്ടാഞ്ചേരി സെൻറ് ജോർജ്) പള്ളിയിൽ വി. മൂറോൻ കൂദാശ നടത്തിയതായി പറയപ്പെടുന്നു.

യോജിച്ച മലങ്കര സഭയിൽ പൗരസ്ത്യ കാതോലിക്കാ നടത്തിയ ഏക മൂറോൻ കൂദാശയാണ് 1967-ൽ നടന്നത്. പരിശുദ്ധ ഇഗ്നാത്തിയോസ് യാക്കോബ് തൃതീയൻ പാത്രിയർക്കീസ് ബാവാ 'ഭാവുകാശംസ - സഭയ്ക്ക് അനുഗ്രഹാശിസ്സുകൾ' ("Congratulations - Blessings for the Church") എന്നറിയിച്ചുകൊണ്ട് ഒരു കമ്പി സന്ദേശം പരിശുദ്ധ ബസേലിയോസ് ഔഗേൻ പ്രഥമൻ കാതോലിക്കാ ബാവായ്ക്ക് അയച്ചിരുന്നു.

യാക്കോബായ വിഭാഗത്തിൽ പരിശുദ്ധ ഇഗ്നാത്തിയോസ് സക്കാ പ്രഥമൻ പാത്രിയർക്കീസ് ബാവാ മണർകാട് മർത്ത് മറിയം പള്ളിയിലും (1982 ഫെബ്രുവരി 27) കോതമംഗലം മാർതൊമ്മൻ ചെറിയ പള്ളിയിലും (2004 സെപ്റ്റംബർ 25) വി. മൂറോൻ കൂദാശ നടത്തിയിട്ടുണ്ട്. ❑

"Adam means that which came out of Adama, the earth. His body has the same components as the earth. In fact, all living beings have bodies composed of the same elements as found in the earth.

The Tradition accepted an elementary form of the doctrine of evolution thirteen centuries before Charles Darwin. Gregory of Nyssa in 4th century held the view that the same force of creation, operating in inorganic matter, shaped the plant world or vegetative sphere of life, the animal world or the bio-sphere of life, and the human world.

He went further to say that the human body incorporates all the lower world animal and vegetative elements exist and operate idea, he held that man in a sense recapitulates and represents the whole universe, that in man the cosmos consciously responds to the Creator."

- Paulos Mar Gregorios



സത്യവും വിശ്വസ്തതയും

ഡോ. യാക്കോബ് മാർ ഐറേനിയോസ്

ഈ കഥയിലെ അമ്മയും മകനും, തികച്ചും വ്യത്യസ്തരായി കാണപ്പെടുന്നു. ആയിരത്തൊരുനൂറു വെള്ളിപ്പണം മോഷ്ടിച്ച മകനും, ആ കളവ് സമ്മതിച്ച് ഏറ്റുപറയുന്ന മകനെ അനുഗ്രഹിക്കുന്ന അമ്മയും!

തെറ്റു ചെയ്യാതിരിക്കുന്നതു ഉത്തമം, തെറ്റു ചെയ്തിട്ട് മാനസ്സാന്തരപ്പെടുന്നത് അത്യുത്തമം. തെറ്റു ചെയ്യുന്നതും, അതു സമ്മതിച്ച് ഏറ്റു പറയാതിരിക്കുന്നതും അധമം. തെറ്റു ചെയ്യാത്ത മനുഷ്യൻ ചുരുങ്ങും. എന്നാൽ അനുതപിച്ച് മാനസ്സാന്തരപ്പെടുന്നവൻ വലിയ ഒരു മാതൃകയാണ്. സമൂഹത്തിനാകമാനം തെറ്റു തുടരെ ചെയ്യുകയും, അനുതപിക്കാതിരിക്കുകയും ചെയ്യുന്നവർ സമൂഹത്തിനു ബാധ്യത മാത്രമല്ല; അപകടവുമാണ്. ആദിമാതാപിതാക്കളുടെ അനുസരണക്കേടിന്റെ "വീഴ്ച"യുടെയും കഥയിൽ, അവർ രണ്ടു പേരും യഹോവയോടു മാപ്പു ചോദിക്കുന്നില്ല. തെറ്റു ചെയ്തു എന്നു സമ്മതിക്കുക മാത്രം ചെയ്യുന്നതായി കാണുന്നു. മീഖായാവിന്റെ കാര്യത്തിൽ സ്വന്ത മനസ്സാലെ കുറ്റ ബോധമുണ്ടായതിന്റെ വെളിച്ചത്തിൽ, അമ്മയുടെ അടുത്ത് പരപ്രേരണ കൂടാതെ ഏറ്റുപറയുകയാണ്. അമ്മയുടെ പ്രതികരണം, അത്യധികം ശ്രദ്ധേയമാണ്. കളവു നടത്തിയ മകനെ അമ്മ, അതിന്റെ പേരിൽ ശകാരിക്കുന്നില്ല; മറിച്ച് അനുഗ്രഹിക്കുന്നു! ഇവിടെ ദൈവത്തിന്റെ മനസ്സാണ് ഈ അമ്മയ്ക്ക്.

ആദാം തെറ്റു ചെയ്തു എന്നു സമ്മതിച്ചെങ്കിലും, അതിൽ അനുതാപം കാട്ടുന്നില്ല. ആ തെറ്റു ചെയ്യാൻ പ്രേരിപ്പിച്ചയാളിന് ഉത്തരവാദിത്തം കൈമാറുകയാണ്. ആദാം യഥാർത്ഥമായി അനുതപിച്ച് മാപ്പപേക്ഷിച്ചിരുന്നെങ്കിൽ .... അതു ഭാവനയിൽ കാണാനേ പറ്റൂ; കഥയുടെ ഗതി മാറിയേനേ! മീഖാവ് തന്റെ തെറ്റിന് മറ്റാരെയും പഴിചാരുന്നില്ല. അമ്മയും മകനുമായുള്ള വാത്സല്യബന്ധം ഇവിടെ സുദൃഢമാകുന്നു. യഹോവ അനുഗ്രഹിക്കുന്നത് ആരെ? എന്ന ചോദ്യത്തിനുത്തരമാണീ കഥ! മീഖായാവ് ഒഴിഞ്ഞുമാറുകയോ, വീണിടത്തു കിടന്നുരുളുകയോ, വിശദീകരണങ്ങൾ അവതരിപ്പിക്കുകയോ ചെയ്യുന്നില്ല എന്നത് എക്കാലത്തേക്കുമുള്ള ഒരു മാതൃകയാണ്.

ഇത് മനുഷ്യന്റെ കഥയാണ്. അനുതപിക്കുന്നതു ദാവീദു രാജാവായാലും പത്രോസ് ശ്ലീഹാ ആയാലും അത് ദൈവാനുഗ്രഹത്തിനു വഴിതെളിക്കും. മനുഷ്യരായ നമ്മളും നിത്യേന, ചെറുതും വലുതുമായ അധർമ്മങ്ങൾ ചെയ്തുകൂട്ടുന്നവരാണ്. ശിംശോന്റെ കണ്ണുനീരും, മുടിയനായ പുത്രന്റെ മനസുമാറ്റവും നമുക്കു വളരെ പാഠങ്ങൾ നൽകുന്ന നമ്മുടെ മനസമാധാനത്തിനും, ദൈവത്തിന്റെ പ്രീതിയ്ക്കും ഈ വഴി മാത്രമേയുള്ളു. ദൈവം സകല ഹൃദയങ്ങളെയും ശോധന ചെയ്യുന്നവനാണല്ലോ.

"എഫ്രയീം മലനാട്ടിൽ മീഖായാവ് എന്നു പേരുള്ള ഒരു പുരുഷൻ ഉണ്ടായിരുന്നു. അവൻ തന്റെ അമ്മയോടു: നിനക്കു കളവുപോയതും നീ ഒരു ശപഥം ചെയ്തു ഞാൻ കേൾക്കെ പറഞ്ഞതുമായ ആയിരത്തൊരുനൂറു വെള്ളിപ്പണം ഇതാ, എന്റെ പക്കൽ ഉണ്ടു; ഞാനാകുന്നു അതു എടുത്തതു എന്നു പറഞ്ഞു. എന്റെ മകനേ, നീ യഹോവയാൽ അനുഗ്രഹിക്കപ്പെട്ടവൻ എന്നു അവന്റെ അമ്മ പറഞ്ഞു"
(ന്യായാധിപന്മാർ 17:1–2)

"ക്രിസ്തുവിന്റെ ക്രൂശിതരൂപം ചേർന്ന കുരിശുകൾ പാശ്ചാത്യ പാരമ്പര്യത്തിന്റെ ഭാഗമായതിനാൽ നമുക്ക് അത്തരം കാര്യങ്ങൾ പ്രോത്സാഹിപ്പിക്കേണ്ടതില്ല. ചിത്രങ്ങൾ തെരഞ്ഞെടുക്കുമ്പോഴും പൗരസ്ത്യ പാരമ്പര്യത്തിൽ ഉള്ള ഐക്കണുകൾക്ക് വേണം പ്രാധാന്യം കൊടുക്കേണ്ടത്. തിരുഹൃദയം പ്രകടമാക്കുന്ന തരത്തിലുള്ള ക്രിസ്തുവിന്റെയോ കന്യകമറിയാമിന്റെയോ ചിത്രങ്ങൾ ഒഴിവാക്കുക തന്നെ വേണം, കാരണം ഇവ ഒരു പ്രത്യേക കാലഘട്ടത്തിലെ ലത്തീൻ ഭക്തിമാർഗത്തിന്റെ പ്രകാശനങ്ങളാണ്; സന്തുലന ആത്മീയതയ്ക്ക് അവ സഹായകരമല്ല."

– ഡോ. പൗലോസ് മാർ ഗ്രീഗോറിയോസ്

പുസ്തകം



സഹനം:
ഹാശാ ആഴ്ച ധ്യാന ചിന്തകൾ

ഡോ. യൂഹാനോൻ മാർ ക്രിസോസ്റ്റമോസ് മെത്രാപ്പോലിത്താ
ഫാ. ഡോ. ജേക്കബ് മാത്യു

പ്രസാധകർ: സി.എസ്.എസ്., തിരുവല്ല

ST. POLYCARP OF SMYRNA
(c. 69-155 AD)

Fr. Alex P. Mathew

This patristic figure revered as one of the most significant Apostolic Fathers of the early Church was not a simple legend, but a vital link to the firsthand teachings of Christ's apostles in the 2nd-century Mediterranean. In Christian history, he is known as a bishop and martyr whose steadfast faith in the face of brutal execution transformed the world's understanding of spiritual endurance and witness.



TIME PERIOD AND CONTEXT

Polycarp lived during a critical, formative era (c. 69–155 AD) in Smyrna (modern-day Izmir, Turkey). This period was defined by the transition from the generation of the apostles to the post-apostolic Church, marked by both physical persecution and internal theological heresies. According to tradition, Polycarp was a disciple of St. John the Apostle himself, bridging the gap between the original eye-witnesses and the emerging Church hierarchy. His bishopric coincided with sporadic, intense waves of Roman persecution, making his steadfast leadership a vital anchor for the faith in Asia Minor.

LIFE OF THE APOSTOLIC BISHOP

Polycarp was renowned for his profound connection to the original teachings of Christ, serving as the Archbishop of Smyrna for many decades. His life was defined by humility and an uncompromising commitment to the orthodox faith. He famously encountered the heretic Marcion, boldly labeling him "the firstborn of Satan," demonstrating his protective role over Christian doctrine. His ultimate witness came during a public festival in Smyrna when, at roughly 86 years old, he was captured and brought before the Roman proconsul, refusing to curse Christ or offer incense to the Emperor, which set the stage for his famous testimony.

CONTRIBUTIONS AND INFLUENCE

* The Blueprint for the Martyrdom Icon: The most enduring contribution of Polycarp is the highly detailed account of his death, The Martyrdom of Polycarp. This document became the blueprint for subsequent martyrdom narratives. It famously recorded his response to the proconsul's demands: "Eighty and six years have I served Him, and He never did me any injury: how then can I blaspheme my King and my Saviour?"

* The Link of Apostolic Succession: His influence expanded because he provided direct validation for early Church teachings. By being consecrated as Bishop of Smyrna by St. John, Polycarp verified that the doctrine being preserved was authentic and passed down directly from Jesus, establishing the concept of valid apostolic succession in Christianity.

* Literary Legacy of Fortitude: His surviving writing, The Epistle of Polycarp to the Philippians, focuses on reinforcing faithful living in the face of suffering. Through this letter, his influence travels into the Latin and Greek West, emphasizing a quiet endurance and charity. While modern historical analysis often focuses on his letters, his historical impact remains rooted in his actions: the complete and faithful offering of his life.

While modern theology analyzes him as an "Apostolic Father," his true essence lies in his steadfast witness. He was a pillar of the early Church because he prioritized faithful endurance over self-preservation, reminding us that the greatest triumph is found in unwavering dedication, even unto death. His feast day on February 23rd continues to celebrate this enduring legacy of faith and spiritual victory. May his prayers intercede for us!


The Face of God
Teach your children this lesson:
The rewards of evil are temporary;
the rewards of Godliness are eternal
† St Cyprian of Carthage

"നമ്മുടെ സഭയുടെ നിലനിൽപിനും
ക്ഷേമത്തിനും മേൽഗതിക്കും ഒഴിച്ചുകൂടാത്ത
അത്യാവശ്യമെന്നു നിങ്ങളിൽ പലരും നമ്മോടു
കൂടി പരമാർത്ഥമായി വിശ്വസിക്കുന്നതും
ഇതേവരേയായി പല പ്രയാസങ്ങൾ സഹിച്ചു
നാമെല്ലാവരും സംരക്ഷിച്ചുകൊണ്ടിരിക്കുന്നതുമായ
കാതോലിക്കാ സ്ഥാപനത്തെ പുലർത്തിക്കൊണ്ടു
പോകാനുള്ള ചുമതലയും
നാം നിങ്ങളിൽ ഓരോരുത്തരിലും
സമർപ്പിച്ചുകൊള്ളുന്നു."

– പ. വട്ടശ്ശേരിൽ മാർ ദീവന്നാസ്യോസ്

പുരോഹിതൻ ആര്?

ഗീവർഗ്ഗീസ് മാർ ഒസ്താത്തിയോസ് മെത്രാപ്പോലീത്താ

ഈ ചോദ്യത്തിന്റെ ഉത്തരത്തിനു മുമ്പേ മറ്റു മൂന്നു ചോദ്യങ്ങൾക്കുത്തരം കണ്ടുപിടിക്കണം.

1. യേശുക്രിസ്തു ആര്?

യേശുക്രിസ്തു, ഒരു മനുഷ്യൻ ദൈവമായി തീർന്നവനല്ല, ദൈവം മനുഷ്യനായി തീർന്നവനത്രേ. അനേക രക്ഷിതാക്കളിൽക്കൂടി രക്ഷിക്കുന്ന ഏക രക്ഷിതാവാണ്. സഭയുടെ മാത്രം തലയല്ല; രണ്ടാം ആദാമെന്ന നിലയിൽ വീഴപ്പെട്ട ആദാമ്യ മക്കളുടെ എല്ലാം വീണ്ടെടുപ്പുകാരനാണ്. ത്രിത്വത്തിൽ രണ്ടാമനായി അവതരിച്ച വചനമാം ദൈവം ലോകസൃഷ്ടിയിൽ സ്രഷ്ടാവായിരുന്ന അതേ ലോഗോസാണ്. 'സകലവും അവൻ മുഖാന്തരവും, അവനാലും, അവനിലൂടെയും അത്രേ' (കൊലോ. 1:1520). അവനിൽ ദൈവത്തിന്റെ സകല സമ്പൂർണ്ണതയും ദേഹരൂപമായി വസിച്ചു (കൊലോ. 2:9). ആകാശത്തിൻകീഴെ മനുഷ്യരുടെ ഇടയിൽ രക്ഷിക്കപ്പെടുവാൻ വേറൊരു നാമവുമില്ല (അ. പ്ര. 4:12). 'ഞാൻ തന്നെ വഴിയും സത്യവും ജീവനുമാകുന്നു' എന്നു പറഞ്ഞവൻ. അവൻ തന്നെ അവന്റെ പൗരോഹിത്യവും, പ്രവാചകത്വവും, ഇടയതവുമാണ് അപ്പൊസ്തലന്മാർ മുഖാന്തരം സഭയിൽ ഇന്നുമുള്ളത്.

2. സഭ എന്നു പറഞ്ഞാൽ എന്ത്?

സഭ ക്രിസ്തുവിന്റെ ശരീരവും, മണവാട്ടിയുമാണ്. അവൻ ഇടയനും, സഭ ആടുകളും അത്രേ. അവൻ തോട്ടക്കാരനും സഭ തോട്ടവും ആകുന്നു. അവൻ വീശുകാരനും സഭ വലയും ആകുന്നു. അവൻ രക്ഷയുടെ ഉറവിടവും സഭ ലോകമാകുന്ന മാവിൽ ഒളിച്ചുവെച്ചിരിക്കുന്ന പുളിപ്പും അത്രേ. 'എല്ലാറ്റിലും എല്ലാം നിറയ്ക്കുന്നവന്റെ നിറവ്' (എഫെ. 1:23) എന്നു സഭയുടെ നിർവചനമുണ്ട്. പരിശുദ്ധാത്മാവിന്റെ സൃഷ്ടിയും, ആലയവും സഭയാകുന്നു. 3000 പേർ പെന്തിക്കോസ്തിദിവസം സഭയിൽ ചേർന്നതു സഭയുടെ ചരിത്രത്തിലെ മാമോദീസാ ജനനദിവസമായിരുന്നു. സഭയുടെ ഏകതലയാകുന്ന യേശുക്രിസ്തുവിന്റെ സ്ഥാനം പോപ്പിനോ, കാതോലിക്കായക്കോ, മറ്റാർക്കുമോ ഇല്ല. സജീവനായ ക്രിസ്തു ഇന്നും സഭയെ നയിക്കുന്ന തലച്ചോറാകുന്നു. ക്രിസ്തുവിന്റെ കുടുംബാംഗങ്ങൾ ആണ സഭാംഗങ്ങൾ. അവരുടെ അളവുകോൽ പിതാവിന്റെ ഇഷ്ടം ചെയ്യുന്നതു മാത്രമാണ് (മർക്കോ. 3:35).

3. ലോകം എന്താകുന്നു?

ലോകത്തെ സ്നേഹിച്ചതുകൊണ്ടാണു ദൈവം തന്റെ ഏകജാതനെ ലോകത്തിനു തന്നത് (യോഹ 3:16). സഭയുടെ വേലസ്ഥലവും, വയലും, ഇടവകയും ലോകമാണ്. 'The world is my parish' എന്നു John Wesley പറഞ്ഞിട്ടുണ്ട്. ഓരോ ക്രിസ്ത്യാനിയും വിശിഷ്യാ പുരോഹിതനും പറയേണ്ടതു ലോകം എന്റെ ഇടവകയാണെന്നത്രേ. ഈ തൊഴുത്തിൽ ഉൾപ്പെടാത്ത വേറെയും ആടുകൾ എനിക്കുണ്ട് എന്നു ക്രിസ്തു പറഞ്ഞതു ക്രിസ്ത്യാനികളല്ലാത്ത സകല ജനതയെയും ഉദ്ദേശിച്ചാണ്. നമ്മുടെ ശ്ഹീമാപ്പടി പ്രാർത്ഥനയിൽ മുഴു ലോകവും (കൂലെദ്ഒൽമോ) നാനാഭാഗവും (ബർബാ ഫെനിയോൺ) എന്നിത്യാദി ഭാഗങ്ങൾ ലോകത്തെ ഉദ്ദേശിച്ചാണല്ലോ. വി. യാക്കോബിന്റെ തക്സായിൽ സഭയ്ക്കുവേണ്ടി മാത്രമല്ല, ലോകത്തിനു വേണ്ടിയും പ്രാർത്ഥനകൾ ഉണ്ട്.

II. ഒരു പുരോഹിതൻ ആര്?

കിഴക്കോട്ടു തിരിഞ്ഞു പ്രാർത്ഥിക്കുമ്പോൾ പുരോഹിതനും, പടിഞ്ഞാറൊട്ടു തിരിഞ്ഞു പ്രസംഗിക്കുമ്പോൾ പ്രവാചകനും, ഇടവകയുടെ ഇല്ലായ്മകളും, വല്ലായ്മകളും തിരക്കി, പരിഹരിക്കുമ്പോൾ ഇടയനും ചേർന്നതാണ് ഒരു പുരോഹിതൻ. ഇതു മൂന്നും സമപ്രാധാന്യമുള്ള മൂന്നു ചുമതലകൾ ആണെങ്കിലും ചിലരുടെ കഴിവുകളും, താലന്തുകളും വ്യത്യസ്തമാകും. അതിനാൽ നിരന്തരം പ്രാർത്ഥിക്കുന്ന പുരോഹിത ശ്രേഷ്ഠനും, പ്രവചന ദൗത്യത്തിനു പ്രാധാന്യം കൊടുക്കുന്ന പുരോഹിതനും, ഇടയത്വ ശുശ്രൂഷയിൽ ആടുകളെ മേയ്ക്കുന്നതിൽ കൂടുതൽ താല്പര്യമുള്ള പുരോഹിതന്മാരും സഭയിൽ കാണും. എന്നാൽ ജനങ്ങൾ ഈ മൂന്നിന്റെയും ആവശ്യം പഠിക്കണം. ഏതെങ്കിലും പുരോഹിതന് ഇതിൽ ഒന്നിൽ താത്പര്യമില്ലെങ്കിൽ ആ വിടവ് മറ്റു പുരോഹിതന്മാരെയും ആത്മീയ സുവിശേഷകരെയും കൊണ്ടു നികത്തണം.

ഈ മൂന്നും ഒരുമിച്ചു പോകുന്നതുപോലെ ലോകരക്ഷയ്ക്കായി അയക്കപ്പെടുന്ന പ്രേഷിതരും ആണു പുരോഹിതൻ. ക്രിസ്തുയേശു തന്നെ മൂലക്കല്ലായിരിക്കെ, നിങ്ങളെ അപ്പൊസ്തലന്മാരും, പ്രവാചകന്മാരും എന്ന അടിസ്ഥാനത്തിൽ പണിയപ്പെട്ടിരിക്കുന്നു (എഫെ. 2:20). ഈ വാക്കുകളുടെയൊക്കെ



അർത്ഥം പ്രേഷിതൻ, അയക്കപ്പെട്ടവൻ എന്നാണ്. ഇവിടെ പുരോഹിതൻ എന്ന വാക്കില്ല. എന്നാൽ പൗലോസ് ശ്ലീഹാ തന്നെത്തന്നെ പുരോഹിതൻ എന്നു വിളിച്ചിരിക്കുന്ന ഏകഭാഗം പ്രത്യേകം പഠിക്കണം. 'എങ്കിലും ജാതികൾ എന്ന വഴിപാട് പരിശുദ്ധാത്മാവിനാൽ വിശുദ്ധീകരിക്കപ്പെട്ടു പ്രസാദകരമായി തീരുവാൻ ഞാൻ ദൈവത്തിന്റെ പുരോഹിതനായി അനുഷ്ഠിച്ചുകൊണ്ടു ജാതികളിൽ ക്രിസ്തുയേശുവിന്റെ ശുശ്രൂഷക്കാരനായിരിക്കേണ്ടതിനു ദൈവം എനിക്കു നൽകിയ കൃപ.'

ഈ ദൗത്യം ദൈവത്തിന്റെ പുരോഹിതന്റെ ജോലിയായി പലരും പരിഗണിക്കുന്നില്ല. ഇവിടെ വഴിപാടുവസ്തു ജാതികൾ തന്നെ. സഭയുടെ പുരോഹിതനെ ദൈവത്തിന്റെ പുരോഹിതൻ എന്നു പറയുന്നതു ശരിയല്ല. പത്രോസ് യഹൂദരുടെ വേലക്കാരനെങ്കിലും കൊർന്നല്യോസിനെ മാമോദീസാ മുക്കാൻ ദൈവത്താൽ നിയോഗിക്കപ്പെട്ടു.

3. കൃപാവരങ്ങൾ കൈകാര്യം ചെയ്യുന്നവൻ

റോമർ 12, 1 കൊരി. 12 എന്നീ അദ്ധ്യായങ്ങളിൽ 15 കൃപാവരങ്ങൾ (കാരിസ്മാറ്റ) എടുത്തുപറഞ്ഞിരിക്കുന്നു. അവ പുരോഹിതന്മാർ ഉൾപ്പെടെ സഭാംഗങ്ങൾക്കെല്ലാം ദൈവം നൽകുന്ന കൃപാവരങ്ങൾ ആണ്. അവ എല്ലാം എല്ലാവർക്കും നൽകുകയില്ല. രോഗശാന്തിവരം ചിലർക്കു മാത്രമേ ഉള്ളൂ.

'ഞാൻ രോഗിയും, തടവിലും ആയിരുന്നു. നിങ്ങൾ എന്നെ കാണ്മാൻ വന്നില്ല' (മത്താ. 25:43) എന്ന വാചകത്തോടുകൂടി നിത്യദണ്ഡവിധിക്ക് അയയ്ക്കപ്പെട്ടു. ഇവരിൽ പുരോഹിതന്മാരും കണ്ടുവെന്നു വന്നേക്കാം. ഒരു ഇടയന് ആടിന്റെ രോഗത്തിലുള്ള ദുഃഖം ഇടയന്മാർക്കു മാത്രമേ അറിയാവൂ. സ്വന്ത കുഞ്ഞു മരിക്കുമ്പോൾ കരയുന്നതുപോലെ ആടുകൾ അപകടത്തിൽ (മരരശറലി€) മരിക്കുമ്പോൾ കരയുന്ന ഇടയന്മാരുമുണ്ട്. കൃപാവരങ്ങളിൽ ഏറ്റവും വലുത് സ്നേഹമാണ്. ഇതു പ്രാവർത്തികമാക്കുക.

4. ഇടയന്റെ ആരോഗ്യസംരക്ഷണം

രോഗിയായ ഒരു ഇടയൻ ആടുകൾക്ക് അനാഥത്വം ഉളവാക്കും. അതിനാൽ ഓരോ ഇടയനും ആഹാരം, വ്യായാമം, ശുചീകരണം മുതലായവയാൽ രോഗം വരാതെ സൂക്ഷിക്കുന്നത് അത്യാവശ്യമാണ്. താൻ രോഗിയായാൽ

ആടുകൾക്കു വരുന്ന നഷ്ടവും കഷ്ടവും തന്നെ പ്രേരിപ്പിക്കണം. നമ്മുടെ കർത്താവ് വി. കുർബാന ഭക്ഷിപ്പാനും, അഞ്ചപ്പം വിളമ്പാനും കൊടുത്തതു നമ്മുടെ പൗരോഹിത്യവും ഇടയത്വ ദൗത്യവും കാണിക്കുന്നു.

5. സ്നേഹത്തിന്റെ നീർച്ചാലുകൾ

തല ക്രിസ്തുവും, സ്പൈനൽ കോർഡ് മെത്രാപ്പോലീത്തയും എങ്കിൽ Nervous system വൈദികരാണ്. ക്രിസ്തു പ്രദർശിപ്പിച്ച ദൈവസ്നേഹം സഭയിൽ മാത്രമല്ല, ലോകത്തിൽ മാത്രമല്ല ഏറ്റവും താണവരിലേക്കാണു പാഞ്ഞൊഴുകേണ്ടത്. യേശുക്രിസ്തുവിന്റെ സമകാലീനകതയാണ് പുരോഹിത വൃന്ദം. ദൈവം സ്നേഹമായിരിക്കുംപോലെ, പ. സുന്നഹദോസ് സ്നേഹത്തിന്റെ സമത്വമായിരിക്കണം. പട്ടക്കാരിൽക്കൂടി സ്നേഹം പരസ്പരവും, കുടുംബത്തിലും ഇടവകയിലും ചുറ്റുംപാടും, ലോകത്തിന്റെ അറ്റംവരെ ഒഴുകേണ്ടതാണ്.

6. ഇടവകക്കാർ

യേശുക്രിസ്തു 12 ശ്ലീഹന്മാർക്കു മാത്രമാണ് ഊതി പരിശുദ്ധാത്മാവിനെ നൽകിയത്. മെത്രാപ്പോലീത്താമാർ പുരോഹിതന്മാരെ ഊതി ഇടവകയിലേക്ക് അയക്കുമ്പോൾ അവരോടുള്ള വിധേയത്വം മറക്കരുത്. സഭയുടെ പട്ടക്കാരും, **പുരോഹിതന്മാർക്ക് അവരെ വികാരിമാരാക്കിയവരോടു വിധേയത്വവുമുണ്ട്. അച്ചടക്ക നടപടികൾക്കു വിധേയരാകാതിരിപ്പാൻ മെത്രാപ്പോലീത്തായുടെ സ്നേഹം ഒരു വശത്തും, വൈദികന്റെ അച്ചടക്കം മറുവശത്തും വേണം.**

മേൽപ്പട്ടക്കാരും കർത്താവിനോടുള്ള വിധേയത്വം മറക്കരുത്. പുരോഹിതന്മാർക്ക് അവരെ വികാരിമാരാക്കിയവരോടു വിധേയത്വവുമുണ്ട്. അച്ചടക്ക നടപടികൾക്കു വിധേയരാകാതിരിപ്പാൻ മെത്രാപ്പോലീത്തായുടെ സ്നേഹം ഒരു വശത്തും, വൈദികന്റെ അച്ചടക്കം മറുവശത്തും വേണം.

7. ദരിദ്രരോട് ഏകീകരിക്കപ്പെടുന്നവൻ

വിമോചന ദൈവശാസ്ത്രജ്ഞന്മാർക്ക് ദരിദ്രരോടുള്ള അനുഭാവത്തേക്കാൾ അപ്പുറമായി ദരിദ്രരെ രക്ഷിപ്പാൻ അവരെപ്പോലെയാകേണ്ട കടമ മെത്രാന്മാർക്കും പുരോഹിതന്മാർക്കും ഉണ്ട്. ഇത് മുമ്പുസൂചിപ്പിച്ചുപോലെ അന്ത്യ ന്യായവിധിയിൽ പ്രധാന ചോദ്യം 'ഈ ഏറ്റവും ചെറിയവനു വേണ്ടതു ചെയ്തുവോ' എന്നായിരിക്കും.

ഈ ചിതറിയ ചിന്തകളോടൊപ്പം മറ്റു പല ഉത്തരങ്ങളും ചോദ്യത്തിനു നൽകുവാൻ മാന്യ വായനക്കാർക്കു കഴിയട്ടെ.

അപ്പോസ്തോലിക വിശ്വാസവും പ്രബോധനവും: മലങ്കര സഭാപിതാക്കന്മാരുടെ വീക്ഷണത്തിൽ

ഫാ. ജോബ് സാം മാത്യു

(ഓർത്തഡോക്സ് വൈദിക സെമിനാരി, കോട്ടയം)

സത്യവിശ്വാസം മുറുകെപ്പിടിക്കുകയും മലങ്കര ഓർത്തഡോക്സ് സഭയുടെ മാർത്തോമൻ പൈതൃകം നിലനിർത്താൻ പരിശ്രമിക്കുകയും ചെയ്ത പിതാക്കന്മാരാണ് നമുക്കുള്ളത്. പ്രബോധനങ്ങൾ, കൽപ്പനകൾ, ഗ്രന്ഥങ്ങൾ എന്നിവയിലൂടെ വിശ്വാസസത്യങ്ങൾ വിശ്വാസികൾക്ക് പകർന്നു നൽകാൻ അവർ എന്നും ജാഗ്രത പുലർത്തിയിരുന്നു. അവരുടെ ജീവിതവിശുദ്ധി ദർശിച്ച വിശ്വാസികൾ, ആ പിതാക്കന്മാർ കാത്തുസൂക്ഷിച്ച സത്യവിശ്വാസത്തെ ഹൃദയപൂർവ്വം ആശ്ലേഷിച്ചു. പോർച്ചുഗീസ്-റോമൻ കത്തോലിക്കാ അധിനിവേശം, പ്രൊട്ടസ്റ്റന്റ് നവീകരണം, കരിസ്മാറ്റിക്-പെന്തിക്കോസ്തൽ പ്രസ്ഥാനങ്ങൾ എന്നിവയുടെ ആപത്കരമായ കടന്നാക്രമണങ്ങളെ അവർ ശക്തമായി ചെറുത്തു.

സഭയുടെ ചട്ടക്കൂട്ടിനുള്ളിൽ വിശ്വാസികൾ സുരക്ഷിതരായി നിലനിൽക്കണമെന്ന് അവർ ആഗ്രഹിച്ചു. ഇതിനായി വൈദികരെ സജ്ജരാക്കുകയും, ഉണർവോടും ജാഗ്രതയോടും പ്രതിജ്ഞാബദ്ധതയോടും കൂടി ദൗത്യനിർവഹണത്തിൽ ഏർപ്പെടണമെന്ന് വൈദികസമൂഹത്തോട് ആഹ്വാനം ചെയ്യുകയും ചെയ്തു. വിശ്വാസതീക്ഷ്ണതയുള്ളവരും ധിഷണാശാലികളുമായ ഈ പിതാക്കന്മാർ വേദവിപരീതങ്ങൾക്കും വിഘടിത പ്രവർത്തനങ്ങൾക്കുമെതിരെ പോരാടി. സഭാശുശ്രൂഷയ്ക്ക് ഏറ്റവും അനുയോജ്യരായവരെ കണ്ടെത്തുകയും അവർക്ക് ആവശ്യമായ പരിശീലനം നൽകി നിയോഗിക്കുകയും ചെയ്തു.

വിശ്വാസികൾ വിശുദ്ധ കുർബാനയ്ക്കും നമസ്കാരങ്ങൾക്കും ശരിയായ ഒരുക്കത്തോടു കൂടി വേണം കടന്നുവരാൻ എന്നും, തിരുവചനം വായിക്കുന്നതിനും പ്രബോധിപ്പിക്കുന്നതിനും പ്രത്യേക ശ്രദ്ധ പതിപ്പിക്കണമെന്നും അവർ പഠിപ്പിച്ചു. മറ്റുള്ളവർക്ക് മുൻപിൽ ഉത്തമ സാക്ഷ്യം പുലർത്തുക എന്നതായിരുന്നു അവരുടെ പ്രധാന ഉപദേശം.

1892 കുംഭം 29-ന് പരുമല മാർ ഗ്രീഗോറിയോസ് തിരുമേനി എഴുതിയ ഇടയലേഖനത്തിൽ ഇപ്രകാരം പറയുന്നു: 'അതുകൊണ്ട് തിരുസഭയുടെ ഭരണക്കാരും ഇടയന്മാരുമായ നമ്മുടെ കൂട്ടുവേലക്കാരും സഹോദരന്മാരും സഖികളുമേ, വരുവീൻ! കർത്താവിന്റെ വേലയ്ക്കായി വേഗം ഒരുങ്ങുവീൻ. റൂഹായ്ക്കടുത്ത യുദ്ധത്തിന് അടുത്ത സകല ആയുധങ്ങളും ധരിപ്പീൻ. ഹാ സഹോദരന്മാരെ, വരുവാൻ ഇരിക്കുന്ന ഭയങ്കരമായ ചോദ്യത്തേയും ന്യായവിധിയേയും പ്രതികാരത്തേയും ഓർത്തു ഭയപ്പെടുവീൻ'.



മലങ്കര സഭ നേരിടുന്ന പ്രതിസന്ധികളുടെ പ്രധാന കാരണത്തെക്കുറിച്ച് അതേ ദിവസം തന്നെ നിരണം പള്ളിയിൽ നിന്നും അയച്ച കല്പനയിൽ തിരുമേനി ഇപ്രകാരം വ്യക്തമാക്കുന്നു: 'പ്രിയമുള്ളവരെ, രക്ഷിതാവിന്റെ തിരുമണവാട്ടിയാകുന്ന കാതോലിക്കായ്ക്കും ശ്ലീഹായ്ക്കുമടുത്ത ഈ സഭയ്ക്കു ഏതൽക്കാലം നേരിട്ടുള്ള സകല ദോഷവും തിരുസഭയുടെ സത്യവിശ്വാസത്തേയും അതിനു അഴകായി ദൈവികത്താൽ നിശ്ചയിക്കപ്പെട്ടിട്ടുള്ള സഭാചട്ടത്തേയും ഇന്നതെന്നും അതിന്റെ സാരവും ഗ്രഹിക്കാതെ സഭയുടെ മക്കൾ തന്നെ എതിർത്തു നിൽക്കുന്നതിനാൽ മാത്രമല്ലാതെ മറ്റൊന്നുകൊണ്ടുമല്ലെന്നുള്ള നിർവ്വിവാദമായ കാര്യമാകുന്നു. '

ഈ കൽപ്പനയിൽ സഭ നേരിടുന്ന മറ്റൊരു വലിയ വെല്ലുവിളിയെക്കുറിച്ചും തിരുമേനി ചൂണ്ടിക്കാണിക്കുന്നുണ്ട്: '...പൂർവിക അപ്പോസ്തോല സഭയെന്നുള്ള ഒരു മഹത്വം നമുക്കുള്ളതിനാൽ അതിനെ ഘോഷിച്ചുകൊണ്ടു നടക്കുന്നതു മാത്രമല്ലാതെ അപ്പോസ്തോല സ്ഥാനത്തിനടുത്ത യാതൊരു വേലയും ഉപദേശവും നടത്താതെയും അതിനു അറിവും ശേഷിയുമില്ലാതെയും തീർന്നിരിക്കകൊണ്ടു നിർജ്ജീവാവസ്ഥയിൽ നാം ആയിരിക്കുന്നതു മാത്രമല്ല, എല്ലാ പള്ളികളിലും തമ്മിൽ തമ്മിൽ സമാധാനമില്ലാത്ത ജന്തുക്കളെപ്പോലെ കടിപിടികൂടി നശിച്ച് നശിച്ച് അശേഷം മേൽഗതിയില്ലാതെയും ഇതരസഭക്കാർക്കും മറ്റുള്ളവർക്കും ആക്ഷേപത്തിനും നിന്ദയ്ക്കും പാത്രിഭവിച്ചുമിരിക്കുന്നു.'

1895-ൽ യെരുശലേം യാത്ര കഴിഞ്ഞ് മടങ്ങിയെത്തിയ ശേഷം പരുമല പള്ളിയിൽ തിരുമേനി നടത്തിയ പ്രഭാഷണം വിശ്വപ്രസിദ്ധമാണ്. ക്രിസ്ത്യാനികൾ ശ്രദ്ധിക്കേണ്ട ആത്മീയവും ഭൗതികവുമായ മേഖലകളെ അദ്ദേഹം ഇതിൽ സ്പർശിക്കുന്നു. സുവിശേഷീകരണം, ഉന്നതവിദ്യാഭ്യാസം, ധാർമ്മിക ജീവിതം, പ്രാർത്ഥന എന്നിവയെല്ലാം ഇതിൽ പ്രധാന വിഷയങ്ങളാണ്. ഒരു അപ്പോസ്തോലിക സഭ എന്ന നിലയിൽ മലങ്കര സഭ ഭാരതത്തിൽ നിർവഹിക്കേണ്ട ദൗത്യത്തെക്കുറിച്ചുള്ള തിരുമേനിയുടെ ദർശനം ഇതിൽ വ്യക്തമാണ്.

അപ്പോസ്തോലിക വിശ്വാസത്തിൽ ജീവിക്കുക എന്നത് 'കുരിശിന്റെ പാതയിലെ സഞ്ചാരമാണ്' എന്ന് പരിശുദ്ധ വട്ടശ്ശേരിൽ ഗീവർഗീസ് മാർ ദിവന്നാസിയോസ് തിരുമേനി വിശേഷിപ്പിച്ചു. സ്ലീബാ പെരുന്നാളിൽ അദ്ദേഹം നടത്തിയ പ്രഭാഷണത്തിൽ കുരിശിനെ വിശേഷിപ്പിക്കുന്നത് നമ്മുടെ രക്ഷയുടെ മാർഗ്ഗം, വിനയത്തിന്റെയും ക്ഷമയുടെയും ലക്ഷ്യം, ജയത്തിന്റെ അടയാളവും കൊടിയും എന്നീ വിധമാണ്.

ഉയിർപ്പ് പെരുന്നാളിൽ നടത്തിയ പ്രസംഗത്തിൽ തിരുമേനി ഇപ്രകാരം പരാമർശിക്കുന്നു: 'വിശ്വാസത്തിൽ സംശയമുണ്ടാകരുത്. അവിശ്വാസം വന്നാൽ കർത്താവിൻറെ കൃപയിൽ ആശ്രയിക്കണം. അതുകൊണ്ടു നമുക്കു തന്റെ കൃപയിൽ വിശ്വസിക്കാം. താൻ നമുക്കുവേണ്ടി മരിച്ചു. ഉയിർത്തെഴുന്നേറ്റു. നാല്പതു ദിവസം ശിഷ്യന്മാർക്കു വെളിപ്പെട്ടു; ഉയിർപ്പിന്റെ ശക്തിയും വിശ്വാസവും അവർക്കു ഉറപ്പിച്ചുകൊടുത്തു. നാല്പതാം ദിവസം അവരുടെ മുമ്പാകെ വച്ചു സ്വർഗ്ഗാരോഹണം ചെയ്തു. നമുക്കുവേണ്ടി മദ്ധ്യസ്ഥത യാചിച്ചുകൊണ്ടു പിതാവിന്റെ വലതുഭാഗത്തു നിൽക്കുന്നു. മാത്രമല്ലാ, വീണ്ടും നമ്മെ ന്യായം വിധിപ്പാൻ വരുമെന്നു കൽപ്പിച്ചിരിക്കുന്നു.'

1923-ൽ മർദീനിലേക്ക് പുറപ്പെടുന്നതിന് മുൻപ് കുണ്ടറ സെമിനാരിയിൽ വച്ച് അദ്ദേഹം നടത്തിയ പ്രസംഗം സഭയുടെ അധികാരക്രമത്തെക്കുറിച്ചുള്ളതായിരുന്നു: "സഭ ദൈവത്തിന്റെ സ്വന്തമാണെന്നും അതിൽ സ്വാഭിപ്രായം നട്ടുവളർത്താൻ ആർക്കും ദൈവം അവകാശം നൽകിയിട്ടില്ലെന്നും എല്ലാവരും ധരിച്ചിരിക്കേണ്ടതാണ്. പാത്രിയാർക്കീസിനോ മെത്രാപ്പോലീത്തന്മാർക്കോ അയ്മേനികൾക്കോ ഇച്ഛപോലെ എന്തും ചെയ്യുവാൻ വി. സഭയിൽ അധികാരമോ അവകാശമോ ഇല്ല."

1947-ലെ കൊത്തിനെ ഞായറാഴ്ച കോട്ടയം പഴയ സെമിനാരി ചാപ്പലിൽ വച്ച് പരിശുദ്ധ ബസേലിയോസ് ഗീവർഗീസ് ദ്വിതീയൻ കാതോലിക്കാ ബാവാ നടത്തിയ പ്രസംഗത്തിൽ ഇപ്രകാരം പരാമർശിക്കുന്നു: 'വിശുദ്ധ പൗലോസിന്റെയും ശേഷം അപ്പോസ്തോലന്മാരുടെയും വിജയം, അവർക്കു കർത്താവിന്റെ ഇഷ്ടവും മനസ്സും അല്ലാതെ സ്വന്തമായി ഇഷ്ടവും മനസ്സും ഇല്ലാതിരുന്നതാണ്. ദൈവം ഇന്നലെയും ഇന്നും ഒരുപോലെ ആയിരിക്കുന്നവണ്ണം ദൈവത്തിന്റെ ഇഷ്ടത്തിനു വ്യത്യാസമില്ല. അതിനു കാലഭേദമോ സമയവ്യത്യാസമോ ഇല്ല. താൻ മാറ്റങ്ങൾക്കു വിധേയനല്ല. നമ്മുടെ ദൈനംദിന ജീവിതം ദൈവയിഷ്ടത്തിനു വിധേയമായിട്ടാണോ നയിക്കുന്നത് എന്നു ചിന്തിച്ചു നോക്കുക. ദൈവയിഷ്ടത്തിനുവേണ്ടി നിലകൊള്ളുമ്പോൾ ത്യാഗവും പീഡയും മരണവും സഹിക്കേണ്ടിവരും. എന്നാലും ദൈവയിഷ്ടമാകുന്ന ലക്ഷ്യത്തിലേക്കു പ്രയാണം ചെയ്യണം. അപ്പോൾ വിജയം സിദ്ധിക്കും.' യേശുക്രിസ്തുവിന്റെ ഹിതത്തിനനുസരിച്ച് അപ്പോസ്തോലന്മാർ ജീവിച്ച ശൈലി നാമും പിൻപറ്റണമെന്ന് ഇവിടെ ആഹ്വാനം ചെയ്യുന്നു.

1951 ജൂലൈ ഒന്നിന് പഴയ സെമിനാരിയിൽ ചെയ്ത പ്രസംഗം അവസാനിപ്പിക്കുന്നത് ഇപ്രകാരമാണ്: 'നമുക്ക് നമ്മുടെ സഭയുടെ സത്യവിശ്വാസവും നമ്മുടെ സ്തുതി ചൊവ്വാക്കപ്പെട്ട പിതാക്കന്മാർ ഭരമേൽപ്പിച്ചു തന്നിട്ടുള്ള ആചാരാനുഷ്ഠാനങ്ങളും പാലിച്ചുകൊണ്ടു മുമ്പോട്ടുപോകാം. വിശ്വാസ വിപരീതികളുടെ വലയിൽ വീഴാതിരിക്കാൻ നിങ്ങൾ സൂക്ഷിക്കണം. അതിനു ദൈവമായ കർത്താവു നമുക്കേവർക്കും സംഗതിയാകട്ടെ.'

ഇതേ ആശയം തന്നെ 1951-ലെ മലങ്കര സുറിയാനി ക്രിസ്ത്യാനി അസോസിയേഷനിൽ നടത്തിയ പ്രസംഗത്തിലും തിരുമേനി ആവർത്തിക്കുന്നുണ്ട്: 'നമ്മുടെ സഭയിലും അതിൻറെ വിശ്വാസത്തിലും ആരാധനയിലും അനുഷ്ഠാനങ്ങളിലും നമുക്കു നല്ല ഉറപ്പും ഭക്തിയും ഉണ്ടായിരിക്കണം.... എന്റെ സഭാ സത്യ സഭ എന്നുള്ള ബോധത്തോടും തീക്ഷ്ണതയോടും കൂടി, അതിന്റെ വളർച്ചയ്ക്കുവേണ്ടി നിങ്ങളെല്ലാവരും ആത്മാർത്ഥമായി പ്രവർത്തിക്കണം. അത് നാം എല്ലാവരുടെയും ചുമതലയാണ്. നമ്മുടെ മുമ്പുകടന്നു പോയിട്ടുള്ള പിതാക്കന്മാർ നല്ല സഭാസ്നേഹവും വൈരാഗ്യവുമുള്ളവരായിരുന്നു. അങ്ങനെയുള്ളവരുടെ സന്തതികളാണ് നിങ്ങൾ. എന്റെ സഭയ്ക്കുവേണ്ടി ഞാൻ ജീവൻകൂടിവയ്ക്കും എന്ന മനോഭാവം വേണം.'

സഭയുടെ വിശ്വാസത്തിൽ നിന്നും ആചാരാനുഷ്ഠാനങ്ങളിൽ നിന്നും അണുവിട പോലും വ്യതിചലിക്കരുതെന്ന് തിരുമേനി നിരന്തരം ആഹ്വാനം ചെയ്തിരുന്നു. 1957-ൽ തിരുവല്ല തിരുമൂലപുരത്ത് നടന്ന ഓർത്തഡോക്സ് യുവജന മഹായോഗത്തിൽ അദ്ദേഹം ഇപ്രകാരം പ്രസംഗിച്ചു: 'സഭയിൽ നമ്മുടെ സ്വന്തം ഇഷ്ടത്തിനും യുക്തിക്കും അഭിപ്രായത്തിനും സ്ഥാനമില്ല. പിന്നെയോ എല്ലാ കാര്യങ്ങളിലും നാം സഭയെ അനുസരിക്കയത്രേ വേണ്ടത്. നമ്മുടെ കർത്താവ് കുരിശിലെ മരണത്തോളം അനുസരണമുള്ളവനായിരുന്നു. ... പിതാവിന്റെ ഇഷ്ടമല്ലാതെ വേറെ ഇഷ്ടം പുത്രനില്ല. പുത്രന്റെ ഇഷ്ടമാണ് സഭയുടെ ഇഷ്ടം. സഭയുടെ ഇഷ്ടത്തിനപ്പുറമായ ഒരിഷ്ടം നമുക്കു പാടില്ല. പിതാവിലും പുത്രനിലും പരിശുദ്ധറൂഹായിലും വിശ്വസിക്കുന്നവണ്ണം കാതോലിക്കായ്ക്കും ശ്ലീഹായിക്കുമടുത്ത ഏകസഭയിലും നാം വിശ്വസിക്കുന്നു. ഇത് നമ്മുടെ വിശ്വാസപ്രമാണമാണ്. അതിനാൽ സഭയെ പഠിപ്പിക്കയല്ല, സഭയെ കേൾക്കയത്രേ വേണ്ടത്.'

1956 ഫെബ്രുവരി 18-ന് പുറപ്പെടുവിച്ച നമ്പർ 45 കൽപ്പനയിലെ ഇപ്രകാരം പറയുന്നു: 'ഏറ്റവും വലിയ പാപം വിശ്വാസവിപരീതമാകുന്നു. നാം മാമ്മോദീസാ ഏൽക്കുമ്പോൾ മുതൽ അവസാനശ്വാസം വലിക്കുന്നത് വരെയും ദിവസന്തോറും പല സമയങ്ങളിൽ വിശ്വാസപ്രമാണം ചൊല്ലുന്നുണ്ട്. വിശ്വാസപ്രമാണം ഒരു പ്രാർത്ഥനയല്ല. നാം അതു ചൊല്ലി വിശ്വാസം ഏറ്റുപറയുകയാണ്. സത്യവിശ്വാസം ആർക്കും മാറ്റാവുന്നതല്ല. അതിൽ നിന്നും ആരും വ്യതിചലിക്കയുമരുത്. നമുക്ക് വിശ്വാസ വിപരീതികളുമായി ആത്മീകമായ സംബന്ധം ഉണ്ടാകാൻ പാടില്ല. വിശ്വാസ വിപരീതികളോടുകൂടി കലരുന്നതും അരിഷ്ടമായി അവരെ സ്നേഹിക്കുന്നതും ഏറ്റുപറയേണ്ട പാപങ്ങളാണെന്ന് എഴുതപ്പെട്ടിരിക്കുന്നു. ആകയാൽ നാം സൂക്ഷിക്കണം.... സഭ അനുവദിച്ചിരിക്കുന്നവരിൽ നിന്നല്ലാതെ അന്യന്മാരിൽ നിന്ന് വി. വേദം കേൾക്കുകയോ പഠിക്കുകയോ ചെയ്യരുതെന്നു നാം നിങ്ങളോട് ആജ്ഞാപിക്കുന്നു'.

'വിശുദ്ധ മതോപദേശ സത്യങ്ങൾ' എന്ന ഗ്രന്ഥത്തിൽ പരിശുദ്ധ ബസേലിയോസ് ഔഗേൻ പ്രഥമൻ കാതോലിക്കാ ബാവാ ഓർത്തഡോക്സ് സഭയുടെ വിശ്വാസം എപ്രകാരമാണെന്ന് വ്യാഖ്യാനിക്കുന്നു: 'നമ്മുടെ സഭ പഠിപ്പിക്കുന്ന മതോപദേശം പെന്തിക്കോസ്ത് ദിവസം സ്ഥാപിച്ച്, പരിശുദ്ധ സുന്നഹദോസുകളാൽ പൂർത്തീകരിച്ച്, മെസ്സി ഹായുടെ അധികൃത പ്രതിനിധികളാൽ പഠിപ്പിച്ചു പോരുന്നതാകുന്നു.'

ക്രിസ്തീയ പ്രബോധന ശുശ്രൂഷയ്ക്ക് ഒരുങ്ങുന്ന ഒരു മതോപദേശകന്റെ യോഗ്യതയെക്കുറിച്ചും ഇതിൽ വ്യക്തമാക്കുന്നുണ്ട്: 'അയാൾ ക്രിസ്തുവിന്റെ ശിഷ്യന്മാരെപ്പോലെ മുന്നമേതന്നെ, സ്വയം യോഗ്യനാക്കേണ്ടിയിരിക്കുന്നു. മതോപദേഷ്ടാക്കന്മാരായിത്തീർന്ന ക്രിസ്തുവിന്റെ ശിഷ്യന്മാർ, യോഹന്നാന്റെ അനുതാപപ്രസംഗം സശ്രദ്ധംകേട്ടു മാനസാന്തരപ്പെട്ട വരും അനന്തരം വിശുദ്ധിയിൽ ഒരുങ്ങിയ ഹൃദയത്തോടെ കർത്താവിൻറെ മർമ്മോപദേശങ്ങളെ ശ്രദ്ധിച്ചു ഗ്രഹിച്ചവരും തന്റെ അദ്ഭുത പ്രവർത്തികളെക്കണ്ടു വിശ്വാസസ്ഥിരത പ്രാപിച്ചവരും ഒടുവിൽ പെന്തിക്കോസ്തിയുടെ ആത്മാവിനെ ഒരുക്കത്തോടെ സ്വീകരിച്ച് ഉയരത്തിലെ ശക്തി പ്രാപിച്ചവരുമായിരുന്നു.'

വൈദികരും മേൽപ്പട്ടക്കാരും ദൈവഭക്തിയിലും സഭാനിയമങ്ങൾ പാലിക്കുന്നതിലും അതീവ ജാഗ്രത പുലർത്തണമെന്ന് പിതാക്കന്മാർ ഓർമ്മിപ്പിച്ചു. ദൈവമർമ്മങ്ങളുടെ കാര്യവിചാരകർ എന്ന നിലയിൽ അവർ സൂക്ഷ്മത പാലിക്കണം. ആത്മീയമായും ഭൗതികമായും വിശ്വാസികൾക്ക് മാർഗ്ഗദർശികളാകേണ്ട വൈദികർ, ലൗകിക തൃഷ്ണകളിൽ വീണ് തങ്ങളുടെ ഇടയശുശ്രൂഷ തളർത്തിക്കളയരുത്. പരിശുദ്ധ സഭയുടെ വിശ്വാസം, ആചാരം, നിയമങ്ങൾ എന്നിവയിൽ നിന്ന് അല്പം പോലും വ്യതിചലിക്കാതെ, ക്രിസ്തുവിന്റെ സ്ഥാനപതികളായ വൈദികർ തങ്ങളുടെ അപ്പോസ്തോലിക നിയോഗം വിസ്മരിക്കരുതെന്ന് മലങ്കരസഭാ പിതാക്കന്മാർ നിരന്തരം ഓർമ്മിപ്പിച്ചിരുന്നു.

❑

Modern Trends in Church Dressing and Biblical View on Modesty in Worship

Fr. Sam Oommen Panackamattam

In today's world, the way people come to church has drastically changed. Earlier generations viewed attending church as a sacred act not only in worship but also in appearance. The white dress symbolized purity, humility, and holiness before God. Today, however, a new trend has emerged where color, comfort, and personal preference seem to outweigh reverence. Many argue, "God looks at the heart, not the outward appearance" (1 Samuel 16:17) and though this is true, it should not be an excuse for carelessness in appearance during worship.

Changing Patterns in Church Attire

In earlier days, believers used to wear white or light-colored clothing to worship, representing simplicity and purity.

Attending church was seen as entering the presence of the Almighty therefore, dressing modestly was an expression of respect and reverence.

In contrast, today's trend has shifted. Many worshippers come dressed in dark or even flashy colors, tight outfits, or casual clothing such as T-shirts, jeans, and short skirts attire more suitable for a picnic or outing than worship. Ironically, while our church interiors are painted with light and holy tones, believers increasingly choose dark shades in their dress, symbolically dimming the brightness that once reflected reverence and humility.

"God Looks at the Heart": Misunderstood ?

Indeed, the Scripture says, "Man looks at the outward appearance, but the Lord looks at the heart." (1 Samuel 16:7) However, this verse is often misinterpreted. God sees our hearts, but our external behavior including how we dress reflects the condition of our inner heart. Dressing modestly and respectfully is not about fashion; it is about reflecting the holiness of the One we worship. Our outward expression should align with our inward devotion.

Biblical Guidelines on Modesty

The Bible repeatedly emphasizes modesty and decency in appearance:

• "I also want the women to dress modestly, with decency and propriety, adorning themselves… with good deeds, appropriate for women who profess to worship God." 1 Timothy 2:9–10.

"Your beauty should not come from outward adornment rather, it should be that of your inner self, the unfading beauty of a gentle and quiet spirit." :1 Peter 3:3–4

These verses remind us that dressing appropriately in worship is not about showing status or style but about demonstrating humility and purity.

Comparison with Other Faiths

When we look at people visiting temples or other places of worship, we notice their reverence in dressing simple, covered, and clean. They understand that entering a holy place requires a sense of preparation and respect. Should we not, as Christians, show even greater reverence when we come before the living God? Our dressing should communicate that we have come to worship, not to display fashion or comfort.

A Reflection for Today's Believers

In a world overflowing with material abundance, the confusion of "what to wear" has replaced the simplicity of devotion. Some attend church as they would a social event, forgetting that the sanctuary is a sacred space where heaven meets earth.

Let us remember:

- We are not coming to impress others but to stand before God.
- Simplicity and modesty in dress reflect respect for God's presence.
- Our attire should inspire others to focus on worship, not on worldly fashion.

The modern trend of dressing casually or immodestly in church calls for reflection and revival. While God indeed looks at the heart, He also desires that our outward expression aligns with our inner devotion. The church is a holy place our dress should mirror that holiness.

As Colossians 3:17 reminds us: "Whatever you do, in word or deed, do it all in the name of the Lord Jesus, giving thanks to God the Father through Him."

Let our appearance, like our worship, bring glory to God.

He Who has ears, Let him hear.

May God Bless


PRAYER PUPS BY JEFFREY SMITH
WHAT'S UP WITH ALL THE FLASHY JEWELRY, NIM?
IT'S MY BLING. IT MAKES ME IMPORTANT.
YOU DON'T NEED THAT TO BE IMPORTANT.
GOD'S LOVE IS ALL THE BLING YOU NEED.
WAIT, YOU HAVEN'T SEEN MY GRILL!
IT'S NOT WHAT YOU WEAR THAT'S IMPORTANT, IT'S WHO YOU PUT YOUR FAITH IN!

നിഴലിന്റെ മരണവും പ്രവാചകന്റെ കലഹവും

ഫാ. അജീഷ് ബാബു

ഈ കാലം, ഈ മനുഷ്യർ, ഈ സമയം, ഈ സാഹചര്യം, ഒക്കെ നാളെ മാറിയേക്കാം ഇത് തിരിച്ചറിയാത്ത അവരെല്ലാം നിനവെലേക്ക് നാശം നോക്കി യിരിക്കുന്ന യോനായെ പോലെയാണ്. അയാൾ അന്ധമായി, താൻ പറഞ്ഞ സുവിശേഷ വാക്കുകൾ ന്യായവിധിയുടെ വാക്കുകൾ വീണ്ടെടുപ്പിന്റെയും പ്രത്യാശയുടെയും സുവിശേഷമല്ല എന്ന് വിശ്വസിച്ചു.

നിനവെയുടെ മതിലുകൾക്കപ്പുറം, കിഴക്കൻ വെളിച്ചം നേരെ വീഴുന്ന സ്ഥലത്ത്, യോനാ ഒരു കുടിൽ പണിതിരുന്നു. അത് താമസിക്കാനുള്ള ഇടമല്ല; കാത്തിരിപ്പിനുള്ള ഇടമായിരുന്നു. വിധിയുടെ പൂർത്തിയാകാത്ത വാക്യത്തെ പ്പോലെ, അവന്റെ കുടിലും തുറന്ന നിലയിലായിരുന്നു.

അവൻ അവിടെ ഇരുന്നത് വിശ്രമിക്കാനല്ല; നാശം കാണാനായിരുന്നു. ദൈവ വചനത്തിന്റെ കത്തുന്ന അറ്റം ഇനിയും കെടുത്തപ്പെട്ടിട്ടില്ലെന്ന വിശ്വാസ ത്തോടെ. മനുഷ്യരുടെ കണ്ണുനീർ ദൈവത്തിന്റെ തീരുമാനത്തെ മാറ്റിമറിക്കു മെന്ന ആശയം അവനു സഹിക്കാനായില്ല. കരുണ അവന്റെ ദൈവശാസ്ത്ര ത്തിൽ ഒരു അപവാദമായിരുന്നു; നീതി മാത്രമായിരുന്നു നിയമം.

ആവണക്ക് അവന്റെ മേൽ വളർന്നു. ആരോ ദൈവം തന്ന നിഴൽ. ഒരു രാത്രിയിൽ വിരിഞ്ഞ പച്ചപ്പിൽ, യോനയ്ക്ക് ദൈവത്തോടുള്ള ഏറ്റവും ശുദ്ധമായ ബന്ധം ഉണ്ടായി കൃതജ്ഞതയുടെ ബന്ധം അല്ല, ആശ്വാസത്തിന്റെ ബന്ധം. നിനവെയുടെ തെരുവുകളിൽ ആയിരങ്ങൾ ശ്വാസമെടുക്കുന്നത് അവനെ സന്തോഷിപ്പിച്ചില്ല; എന്നാൽ ഒരു ചെടിയുടെ നിഴൽ അവനെ ജീവിപ്പിച്ചു.

അവൻ നഗരത്തെ നോക്കി. തീ വീഴാത്ത വീടുകൾ. ഇടിഞ്ഞുവീഴാത്ത ഗോപുരങ്ങൾ. ശിക്ഷയുടെ പുക ആകാശത്തേക്ക് ഉയരുന്നില്ല. ഓരോ നിമി ഷവും, പ്രവാചകന്റെ വാക്കുകൾ തന്നെ അവനെ കുറ്റപ്പെടുത്തുന്നപോലെ തോന്നി. ദൈവം ശരിയായില്ല; മനുഷ്യർ രക്ഷപ്പെട്ടു. അവൻ നീതിയുടെ വശ ത്തായിരുന്നു; ദൈവം കരുണയുടെ വശത്തും.

പിന്നീട്, നിശ്ശബ്ദമായി, കീടം വന്നു. ദൈവത്തിന്റെ കൈപോലെ ചെറിയതും നിർണ്ണായകവുമായൊരു സ്പർശം.

നിഴൽ മരണം:

ജീവൻ നഷ്ടമായ ആവണക്ക് സുബോധങ്ങളുടെ വെളിച്ചം വിശന്നതാണ്. മതഅന്ധത തനിക്ക് തണുപ്പ് നൽകുന്ന ആവണക്കിനെ ചുറ്റിപ്പറ്റി ആണെങ്കിൽ, അതിനെ നശിപ്പിക്കുന്ന പുഴു മതഅന്ധതയ്ക്ക് മേലെ സുബോധങ്ങളുടെ ചൊറിച്ചിൽ നൽകുന്നതാണ്. സ്വയം മരിക്കാൻ ആഗ്രഹിക്കുന്നവൻ സ്വയം മനസ്സും ശരീരവും മാന്തി കീറി. ആവണക്കിന്റെ ജീവൻ ഉണങ്ങി, നിഴൽ പിന്മാറി. കിഴക്കൻ കാറ്റ് യോനയുടെ മുഖത്ത് ചൂടുപൊള്ളൽ വരച്ചു. അപ്പോഴാണ് അവൻ മനസ്സിലാക്കിയത്: ദൈവത്തിന്റെ കൃപ സ്ഥിരതയുള്ളതല്ല, സ്വതന്ത്രമാണ്.

അവൻ ചെടിക്കായി കരഞ്ഞു.

നിനവയിൽ ചിരിക്കാൻ മറന്നുപോയ ആളാണ് ദൈവത്തിന്റെ സുവിശേഷം പറഞ്ഞ യോനാ.

സുഹൃത്തേ നീ സുവിശേഷമല്ലേ പറഞ്ഞത് പുഞ്ചിരിക്കുക, ലോകത്ത് ദുഃഖിച്ചിരുന്ന് മാറ്റങ്ങൾ സൃഷ്ടിച്ചവരില്ല മറിച്ച് പുഞ്ചിരിയാൽ വിപ്ലവം സൃഷ്ടി ച്ചവർ ഏറെയാണ്. നാശം സംഭവിക്കാത്ത പട്ടണത്തേക്കാൾ, നശിച്ചുപോയ ഒരു ചെടി അവന്റെ ഉള്ളിൽ വലിയ ശൂന്യം സൃഷ്ടിച്ചു. അവിടെ ദൈവം സംസാ രിച്ചു ഇടിമുഴക്കത്തിൽ അല്ല, ചോദ്യം ചെയ്യലിൽ:

നീ നിഴലിനായി ദുഃഖിക്കുന്നുവെങ്കിൽ, നിഴലില്ലാതെ ജീവിക്കുന്ന മനുഷ്യ ർക്കായി എനിക്ക് ദുഃഖിക്കരുതോ?

യോന മറുപടി പറഞ്ഞില്ല. കഥ അവിടെയല്ല അവസാനിക്കുന്നത്; വായ നക്കാരന്റെ മനസ്സിലാണ് അത് തീരുന്നത്. നാം ഓരോരുത്തരും എവിടെയോ ആവണക്കിന് കീഴിൽ ഇരിക്കുകയാണ് ദൈവത്തിന്റെ കരുണ നമ്മെ അസ്വ സ്ഥമാക്കുമ്പോൾ, നീതി പൂർത്തിയാകാതെ പോയെന്ന ഭാവത്തോടെ.

നിനവെയുടെ നാശം കാത്തിരുന്ന യോന, യഥാർത്ഥത്തിൽ കണ്ടത് നാശമല്ല തന്റെ വംശീയവും സ്വാർത്ഥകേന്ദ്രീകൃതവുമായ വിചാരങ്ങളുടെ പരാജയമായിരുന്നു.

നിഴലുകൾ മരിക്കും തീർച്ച, അവിടെ എന്ന വിത്ത് മുളപൊട്ടും. പുഴുവിന്റെ കടിയേറ്റ് വാടിവീണ ആവണക്ക് യോനയോട് പറഞ്ഞു,

ആവണക്ക്: 'ഒന്നിനെയും അധികം സ്നേഹിക്കരുത്, ദുഖിക്കേണ്ടി വരും ! ഒന്നിനെക്കുറിച്ച് അധികം ചിന്തിക്കരുത്, അത് നിങ്ങളുടെ സമാധാനം കളയും..!'

◆



കനാന്യ സ്ത്രീ

സിസ്റ്റർ മേരി OSM
(ബേത്‌ലഹേം ദയറ കിഴക്കമ്പലം)

മത്തായി എഴുതിയ സുവിശേഷം 15:21-28 വരെയും മർക്കോസ് എഴുതിയ സുവിശേഷം 7:24-30 വരെയും രേഖപ്പെടുത്തിയിരിക്കുന്ന കനാന്യ സ്ത്രീയുടെ സംഭവം വിശ്വാസത്തിന്റെ ആഴവും ദൈവകൃപയുടെ വിശാലതയും വ്യക്തമാക്കുന്ന അത്യന്തം പ്രാധാന്യമുള്ള ഭാഗമാണ്. യേശു സോർസീദോൻ പ്രദേശത്തേക്കു പോകുമ്പോൾ അവിടെ നിന്നുള്ള ഒരു പുറജാതി സ്ത്രീ തന്റെ മകളുടെ സൗഖ്യത്തിനായി യേശുവിനെ സമീപിക്കുന്നതാണ് ഈ സംഭവത്തിന്റെ പശ്ചാത്തലം (മത്തായി 15:21-22; മർക്കോസ് 7:24-26).

മത്തായി എഴുതിയ സുവിശേഷത്തിൽ അവളെ "കനാന്യസ്ത്രീ" എന്നു വിളിക്കുമ്പോൾ, മർക്കോസ് അവളെ "സുറൊഫൊയീക്യ ജാതിക്കാരി" എന്നു വിവരിക്കുന്നു. ഇതിലൂടെ അവൾ യഹൂദരിൽപ്പെട്ടവൾ അല്ലെന്ന് വ്യക്തമാണ്. യേശുവിന്റെ ശുശ്രൂഷ പ്രധാനമായും യിസ്രായേൽമക്കൾക്കായിരുന്ന സമയത്ത്, ഒരു അന്യജാതിക്കാരിയായ സ്ത്രീ അവനെ "ദാവീദിന്റെ പുത്രാ" എന്നു വിളിച്ച് കരുണ അപേക്ഷിക്കുന്നത് (മത്തായി 15:22) വലിയ ആത്മീയ അർത്ഥം നൽകുന്നു. ഇത് അവളുടെ വിശ്വാസബോധവും യേശുവിനെക്കുറിച്ചുള്ള അവളുടെ അറിവും വ്യക്തമാക്കുന്നു.

യേശു ആദ്യം അവൾക്ക് മറുപടി നൽകിയില്ല (മത്തായി 15:23). ഈ മൗനം ഒരു പരീക്ഷണമായിരുന്നു. ശിഷ്യന്മാർ പോലും അവളെ പറഞ്ഞു വിടണമെന്നു അപേക്ഷിച്ചു. എന്നിരുന്നാലും, അവൾ യേശുവിന്റെ മുമ്പിൽ വീണു "കർത്താവേ, എന്നെ സഹായിക്കേണമേ" എന്നു അപേക്ഷിച്ചു (മത്തായി 15:25). ഇത് അവളുടെ ദൃഢവിശ്വാസത്തെയും അടങ്ങാത്ത ആത്മബോധത്തെയും കാണിക്കുന്നു.

യേശു "മക്കളുടെ അപ്പം നായ്ക്കൾക്ക് എറിഞ്ഞുകൊടുക്കുന്നതു ശരിയല്ല" എന്നു പറഞ്ഞപ്പോൾ (മത്തായി 15:26; മർക്കോസ് 7:27), അത് ഒരു ആത്മീയ പരീക്ഷണമായിരുന്നു. എന്നാൽ അവൾ വിനയത്തോടെ മറുപടി പറഞ്ഞു: "അതെ, കർത്താവേ; നായ്ക്കുട്ടികളും ഉടയവരുടെ മേശയിൽ നിന്നു വീഴുന്ന നുറുക്കുകൾ തിന്നുന്നുണ്ടല്ലോ?" (മത്തായി 15:27). ഈ മറുപടി അവളുടെ വിനയവും വിശ്വാസവും ഒരുമിച്ചു പ്രകടിപ്പിക്കുന്നു.

അവളുടെ വിശ്വാസത്തിന് യേശു പ്രതികരിച്ച് "സ്ത്രീയേ, നിന്റെ വിശ്വാസം വലിയത്; നിന്റെ ഇഷ്ടം പോലെ നിനക്ക് ഭവിക്കട്ടെ" എന്നു ഉത്തരം പറഞ്ഞു (മത്തായി 15:28). മർക്കോസ് രേഖപ്പെടുത്തുന്നതുപോലെ, അവൾ വീട്ടിൽ എത്തിയപ്പോൾ മകൾ സൗഖ്യം പ്രാപിച്ചിരുന്നതായി കണ്ടു (മർക്കോസ് 7:29 30). ഈ സംഭവമൊട്ടാകെ യേശുവിന്റെ ശുശ്രൂഷ യിസ്രായേലിൽ മാത്രം ഒതുങ്ങുന്നതല്ലെന്നും, വിശ്വാസമുള്ള ഏവർക്കും ദൈവകൃപ ലഭ്യമാണെന്നും പഠിപ്പിക്കുന്നു. അതോടൊപ്പം, പ്രാർത്ഥനയിലെ സ്ഥിരത, വിനയം, ആത്മാർത്ഥത എന്നിവ ദൈവാനുഗ്രഹത്തിലേക്കുള്ള വഴികളാണെന്ന സത്യവും ഈ ഭാഗം നമ്മെ ഓർമ്മിപ്പിക്കുന്നു.

1. പശ്ചാത്തലം

മത്തായി 15:21-22 ൽ ഈ സ്ത്രീയെ "കനാന്യസ്ത്രീ" എന്നു വിളിക്കുന്നു. കനാന്യർ പുരാതനകാലത്ത് കനാൻദേശത്ത് പാർത്തിരുന്ന അന്യജാതിക്കാരായിരുന്നു. യിസ്രായേൽമക്കൾക്ക് പുറത്തുള്ള ഒരു ജാതിയിൽപ്പെട്ടവളായിരുന്നു അവൾ. അതേസമയം മർക്കോസ് 7:26 ൽ അവളെ "സുറോഫൊയീക്യ ജാതിക്കാരി" എന്നു വിശേഷിപ്പിക്കുന്നു. ഇതിലൂടെ അവൾ ഫൊയ്നീക്യ പ്രദേശത്ത് നിന്നുള്ളതും ഗ്രീക്ക് സംസ്കാരത്തിന്റെ സ്വാധീനത്തിൽ വളർന്നതുമായ ഒരു സ്ത്രീയാണെന്ന് മനസ്സിലാക്കാം. "സുറോഫൊയീക്യ" എന്ന പദം സിറിയയുടെ കീഴിലുള്ള ഫൊയ്നീക്യ പ്രദേശത്തെ സൂചിപ്പിക്കുന്നതാണ്. ആ പ്രദേശം പുരാതനകാലത്ത് സോർ,സീദോൻ തുടങ്ങിയ നഗരങ്ങളാൽ പ്രശസ്തമായിരുന്ന വ്യാപാരകേന്ദ്രമായിരുന്നു. മഹാനായ അലക്സാണ്ടർ ചൂവർത്തിയുടെ വിജയങ്ങൾ കഴിഞ്ഞതോടെ ആ പ്രദേശങ്ങളിൽ ഗ്രീക്ക് ഭാഷയും ഹെല്ലനിസ്റ്റിക് സംസ്കാരവും വ്യാപകമായി പ്രചരിച്ചു. അതിനാൽ "ഗ്രീക്ക്" എന്ന് വിളിക്കപ്പെട്ടത് അവൾ ഗ്രീക്ക് ജാതി ആയിരുന്നു എന്നർത്ഥത്തിൽ അല്ല; മറിച്ച് ഗ്രീക്ക് ഭാഷയും സംസ്കാരവും സ്വാധീനിച്ച ഒരു അന്യജാതിക്കാരി ആയിരുന്നു എന്ന അർത്ഥത്തിലാണ്. ഇതിലൂടെ അവൾ യഹൂദസമൂഹത്തിൽപ്പെട്ടവൾ അല്ലെന്നും, യേശുവിനെ സമീപിച്ചപ്പോൾ അവൾ ഒരു അന്യജാതിക്കാരിയായിരുന്നു എന്നും വ്യക്തമാകുന്നു.

യേശു സോർ, സീദോൻ എന്ന പ്രദേശങ്ങളിലേക്കു പോകുന്ന സമയത്താണ് ഈ സംഭവം നടക്കുന്നത് (മത്തായി 15:21; മർക്കോസ് 7:24). ഈ പ്രദേശം യഹൂദന്മാരുടെ പ്രധാന വാസമേഖലയല്ലായിരുന്നു. അതിനാൽ, യേശുവിന്റെ ശുശ്രൂഷയുടെ സാധാരണ പരിധിക്ക് പുറത്തുള്ള സ്ഥലത്തുനിന്നാണ് ഈ സ്ത്രീ അവനെ സമീപിക്കുന്നത്. ഇത് അവളുടെ ധൈര്യത്തെയും ആത്മാർത്ഥതയെയും പ്രകടിപ്പിക്കുന്നു.

അവളുടെ മകൾ ദുരാത്മാവിനാൽ കഠിനമായി പീഡിതയായിരുന്നു എന്നു മത്തായി രേഖപ്പെടുത്തുന്നു (മത്തായി 15:22). മർക്കോസ് 7:25 ൽ "അശുദ്ധാത്മാവ് ബാധിച്ച ചെറിയ മകൾ ഉള്ളൊരു സ്ത്രീ" എന്നു പറയുന്നു. ഒരു അമ്മ എന്ന നിലയിൽ തന്റെ മകളുടെ വേദന അവളെ ആഴത്തിൽ ബാധിച്ചു. ഈ വേദനയാണ് അവളെ യേശുവിന്റെ അടുക്കൽ എത്തിച്ചത്.

ഇതിലൂടെ നമുക്ക് മനസ്സിലാക്കുന്നത്, അവൾ ഒരു അന്യജാതിക്കാരിയാണെന്നും, യേശുവിന്റെ പ്രധാന ശുശ്രൂഷാ മേഖലയ്ക്ക് പുറത്തുള്ളവളാണെന്നും ആണ്. എന്നിരുന്നാലും, തന്റെ ആവശ്യം കൊണ്ടു അവൾ വിശ്വാസത്തോടെ യേശുവിനെ സമീപിച്ചു. അവളുടെ പശ്ചാത്തലം തന്നെ ഈ സംഭവത്തിന്റെ ആത്മീയ ആഴം കൂടുതൽ വ്യക്തമാക്കുന്നു.

2. വിശ്വാസം

മത്തായി എഴുതിയ സുവിശേഷം 15:22-ൽ കനാന്യസ്ത്രീ യേശുവിനെ "കർത്താവേ, ദാവീദിന്റെ പുത്രാ, എന്നോടു കരുണ തോന്നേണമേ" എന്ന് വിളിക്കുന്നതായി കാണുന്നു. ഈ അഭിസംബോധന സാധാരണമായൊരു വിളി മാത്രമല്ല; അതിന് വളരെ ആഴമുള്ള മതപരവും ആത്മീയവുമായ അർത്ഥം ഉണ്ട്. "ദാവീദിന്റെ പുത്രൻ" എന്ന വിശേഷണം യഹൂദന്മാർ പ്രതീക്ഷിച്ചിരുന്ന മശിഹായെ സൂചിപ്പിക്കുന്ന ഒരു പ്രധാന പദമാണ്. പഴയ നിയമത്തിൽ ദൈവം ദാവീദ് രാജാവിനോട് അവന്റെ വംശത്തിൽ നിന്നു ഒരാൾ രാജാവായി ഉയർന്ന് ദൈവജനത്തെ രക്ഷിക്കും എന്ന് വാഗ്ദാനം ചെയ്തിരുന്നു. അതുകൊണ്ട് യഹൂദർ വരാനിരിക്കുന്ന രക്ഷകനെ "ദാവീദിന്റെ പുത്രൻ" എന്ന പേരിൽ പ്രതീക്ഷിച്ചു.

ഈ പശ്ചാത്തലത്തിൽ, അന്യജാതിക്കാരിയായ സ്ത്രീ യേശുവിനെ ഇങ്ങനെ വിളിക്കുന്നത് വളരെ ശ്രദ്ധേയമാണ്. അവൾ യഹൂദ സമൂഹത്തിൽപ്പെട്ടവൾ അല്ലെങ്കിലും, യേശുവിന്റെ വ്യക്തിത്വത്തെയും അധികാരത്തെയും കുറിച്ച് അവൾക്ക് അറിവുണ്ടായിരുന്നു. "ദാവീദിന്റെ പുത്രാ" എന്ന വിളിയിലൂടെ അവൾ യേശുവിനെ ഒരു സാധാരണ ഗുരുവായി അല്ല, മറിച്ച് ദൈവം അയച്ച രക്ഷകനായി അംഗീകരിക്കുന്നുവെന്നത് വ്യക്തമാക്കുന്നു. അതോടൊപ്പം "കർത്താവേ" എന്ന അഭിസംബോധന അവളുടെ ആദരവും വിശ്വാസവും പ്രകടിപ്പിക്കുന്നു.

അതിനാൽ ഈ വാക്കുകൾ വെറും സഹായത്തിനായുള്ള അപേക്ഷ മാത്രമല്ല; അത് വിശ്വാസത്തിന്റെ പ്രഖ്യാപനമാണ്. യഹൂദന്മാർക്കു പുറത്തുള്ള ഒരാൾ പോലും യേശുവിന്റെ മശിഹാ സ്ഥാനത്തെ തിരിച്ചറിഞ്ഞു വിശ്വാസത്തോടെ സമീപിക്കുന്നതിനെ ഈ സംഭവം എടുത്തു കാണിക്കുന്നു. ഇതിലൂടെ അവളുടെ ആഴമുള്ള ആത്മീയ ബോധവും ഉറച്ച വിശ്വാസവും വ്യക്തമായി പ്രകടമാകുന്നു

യേശു ആദ്യം അവളോട് മറുപടിയൊന്നും പറഞ്ഞില്ലെന്ന് മത്തായി 15:23 ൽ പറയുന്നു. സാധാരണയായി ഒരാൾ അവഗണിക്കപ്പെടുമ്പോൾ നിരാശപ്പെടുകയോ പിന്മാറുകയോ ചെയ്യാം. എന്നാൽ ഈ സ്ത്രീ പിന്തിരിഞ്ഞില്ല. യേശുവിന്റെ മൗനം അവളുടെ വിശ്വാസത്തെ തകർക്കാതെ, കൂടുതൽ ഉറപ്പിക്കുകയാണ് ചെയ്തത്. അവൾ തന്റെ അപേക്ഷ തുടർന്നു. ശിഷ്യന്മാർ പോലും "അവളെ പറഞ്ഞയക്കേണമേ" എന്ന് യേശുവിനോട് അപേക്ഷിച്ചു (മത്തായി 15:23). എന്നിരുന്നാലും അവൾ നിർത്തിയില്ല. മത്തായി 15:25 ൽ അവൾ യേശുവിന്റെ മുമ്പിൽ നമസ്ക്കരിച്ച് "കർത്താവേ, എന്നെ സഹായിക്കേണമേ" എന്നു അപേക്ഷിക്കുന്നു. മർക്കോസ് 7:26 ൽ അവൾ തന്റെ മകളിൽ നിന്നു അശുദ്ധാത്മാവിനെ പുറത്താക്കണമെന്നു അപേക്ഷിച്ചതായി പറയുന്നു.

ഈ സംഭവങ്ങളൊക്കെയും അവളുടെ ദൃഢവിശ്വാസത്തെയും അചഞ്ചലമായ പ്രത്യാശയെയും തെളിയിക്കുന്നു. യേശുവിന്റെ മൗനം, ശിഷ്യന്മാരുടെ നിരാകരണം, സാമൂഹിക തടസ്സങ്ങൾ എന്നിവയൊന്നും അവളെ തടഞ്ഞില്ല. തന്റെ മകളുടെ സൗഖ്യത്തിനായി അവൾ വിശ്വാസത്തോടെ യേശുവിൽ ആശ്രയിച്ചു നിന്നു. അതുകൊണ്ടുതന്നെ ഈ ഭാഗം സ്ഥിരതയുള്ള വിശ്വാസത്തിന്റെ മികച്ച മാതൃകയായി നിലകൊള്ളുന്നു.

3. വിനയം

മത്തായി 15:26 ൽ യേശു അവളോടു പറഞ്ഞത്: "മക്കളുടെ അപ്പം എടുത്തു നായ്ക്കുട്ടികൾക്കു ഇട്ടുകൊടുക്കുന്നതു നന്നല്ല" എന്നായിരുന്നു. അതുപോലെ മർക്കോസ് 7:27 ൽ "മുമ്പേ മക്കൾക്കു തൃപ്തിവരട്ടെ; മക്കളുടെ അപ്പം എടുത്തു ചെറുനായ്ക്കൾക്കു ഇട്ടുകൊടുക്കുന്നതു നന്നല്ല" എന്നു പറയുന്നു.

യേശു അങ്ങനെ പറഞ്ഞപ്പോൾ അത് അപമാനിക്കാൻ ഉദ്ദേശിച്ച വാക്കല്ല; മറിച്ച് അന്നത്തെ യഹൂദ സമൂഹത്തിൽ നിലനിന്നിരുന്ന ആത്മീയ മുൻഗണനയെ സൂചിപ്പിക്കുന്ന ഒരു ഉപമയായിരുന്നു. "മക്കൾ" എന്നു പറഞ്ഞത് പ്രധാനമായും ദൈവത്തിന്റെ നിയമത്തിലും വാഗ്ദത്തങ്ങളിലും പങ്കാളികളായിരുന്ന യിസ്രായേൽജനത്തെ സൂചിപ്പിക്കുന്നു. "നായ്ക്കുട്ടികൾ" എന്ന പദം വീട്ടിലെ മേശയ്ക്കു ചുറ്റുമുള്ള ചെറിയ നായ്ക്കളെ സൂചിപ്പിക്കുന്ന ഒരു ഉപമയാണ്. ഈ ഉപമയിലൂടെ യേശു ആദ്യം ദൈവരാജ്യത്തിന്റെ സന്ദേശം യിസ്രായേലിനായാണ് വന്നതെന്ന സത്യവും അതിനുശേഷം അത് മറ്റു ജനങ്ങളിലേക്കും വ്യാപിക്കുമെന്ന് സൂചിപ്പിക്കുന്ന ആത്മീയ സത്യവും അവതരിപ്പിച്ചു. "നായ്ക്കുട്ടികളും ഉടയവരുടെ മേശയിൽ നിന്നു വീഴുന്ന നുറുക്കുകൾ തിന്നുന്നുണ്ടല്ലോ" എന്നായിരുന്നു കനാന്യസ്ത്രീയുടെ വിനയപൂർവ്വമായ മറുപടി. ഈ മറുപടിയിൽ അവൾ തന്റെ സ്ഥാനം തിരിച്ചറിഞ്ഞിരുന്നുവെന്ന ആത്മബോധവും അതോടൊപ്പം യേശുവിന്റെ കരുണയിൽ അവൾക്കുണ്ടായിരുന്ന ഉറച്ച പ്രത്യാശയും പ്രകടമാണ്. അവളുടെ വിശ്വാസവും വിനയവും തിരിച്ചറിഞ്ഞ യേശു അവളുടെ വിശ്വാസത്തെ പ്രശംസിക്കുകയും അവളുടെ മകൾക്ക് സൗഖ്യം നല്കുകയും ചെയ്തു.

ഈ സംഭവത്തിൽ അവളുടെ വിനയം വിശ്വാസത്തോടൊപ്പം ചേരുന്നുവെന്നത് വ്യക്തമാണ്. അവൾ അഹങ്കാരത്തോടെ അല്ല, മറിച്ച് അടക്കത്തോടും ആത്മാർത്ഥതയോടും യേശുവിനെ സമീപിച്ചു. അതുകൊണ്ടുതന്നെ അവളുടെ മറുപടി യേശുവിന്റെ ഹൃദയം സ്പർശിക്കുകയും അവളുടെ മകളുടെ സൗഖ്യത്തിന് വഴിയൊരുക്കുകയും ചെയ്തു (മത്തായി 15:28).

4. അചഞ്ചലമായ സ്ഥിരത

മത്തായി 15:23 ൽ യേശു അവളോട് ഒരു വാക്കുപോലും മറുപടി പറഞ്ഞില്ലെന്ന് രേഖപ്പെടുത്തിയിരിക്കുന്നു. ഒരാളുടെ അപേക്ഷയ്ക്ക് മൗനം മറുപടിയായാൽ സാധാരണയായി അത് നിരാശയുണ്ടാക്കും. എന്നാൽ ഈ സ്ത്രീയുടെ കാര്യത്തിൽ യേശുവിന്റെ മൗനം അവളെ പിന്തിരിപ്പിച്ചില്ല. മറിച്ച് അവൾ കൂടുതൽ ആത്മാർത്ഥതയോടെ യേശുവിന്റെ പിന്നാലെ ചെന്നു. ശിഷ്യന്മാർ പോലും "അവളെ പറഞ്ഞയക്കുക" എന്നു പറഞ്ഞു (മത്തായി 15:23), എങ്കിലും അവൾ തന്റെ അപേക്ഷ നിർത്തിയില്ല.

മത്തായി 15:24–26 ൽ യേശു പറഞ്ഞ വാക്കുകൾ അവൾക്കൊരു പരീക്ഷണമായിരുന്നു. "യിസ്രായേൽഗൃഹത്തിലെ കാണാതെ പോയ ആടുകളുടെ അടുക്കലേക്കല്ലാതെ എന്നെ അയച്ചിട്ടില്ല" (15:24) എന്നും "മക്കളുടെ അപ്പം എടുത്തു നായ്ക്കുട്ടികൾക്കു ഇട്ടുകൊടുക്കുന്നതു നന്നല്ല" (15:26) എന്നും പറഞ്ഞ് അവളുടെ വിശ്വാസത്തെ പരീക്ഷിച്ചു. എന്നിരുന്നാലും, അവൾ നിരാശപ്പെടുകയോ പിന്മാറുകയോ ചെയ്തില്ല. പകരം, മത്തായി 15:25 ൽ അവൾ യേശുവിന്റെ മുമ്പിൽ വീണു "കർത്താവേ, എന്നെ സഹായിക്കേണമേ" എന്നു പറഞ്ഞ് അവനെ നമസ്ക്കരിച്ചു.

മർക്കോസ് 7:26–28 ൽ തന്റെ മകളിൽ നിന്നു അശുദ്ധാത്മാവിനെ പുറത്താക്കണമെന്നു അവൾ ആവർത്തിച്ച് അപേക്ഷിച്ചതായി പറയുന്നു. യേശുവിന്റെ മറുപടികൾ പരീക്ഷണാത്മകമായിരുന്നെങ്കിലും, അവൾ പ്രത്യാശ വിട്ടുകളഞ്ഞില്ല. അവളുടെ വിശ്വാസം വാക്കുകളിൽ മാത്രമല്ല, തുടർച്ചയായ അപേക്ഷയിലും പ്രകടമായി.

ഇതിലൂടെ അവളുടെ സ്ഥിരതയും ധൈര്യവും വ്യക്തമാണ്. സാമൂഹിക തടസ്സങ്ങൾ, യേശുവിന്റെ മൗനം, പരീക്ഷണമായ വാക്കുകൾ, എന്നിവയൊന്നും അവളെ തടഞ്ഞില്ല. അവൾ സ്ഥിരമായി അപേക്ഷിച്ചു കൊണ്ടിരുന്നു. ഈ സ്ഥിരതയുള്ള പ്രാർത്ഥനയും അചഞ്ചലമായ വിശ്വാസവും തന്നെയാണ് അവസാനം അവളുടെ മകളുടെ സൗഖ്യത്തിന് വഴിയൊരുക്കിയത് (മത്തായി 15:28; മർക്കോസ് 7:2930).

5. യേശുവിന്റെ പ്രശംസ

മത്തായി 15:28 ൽ യേശു അവളോട് പറഞ്ഞു: "സ്ത്രീയേ, നിന്റെ വിശ്വാസം വലിയത്; നിന്റെ ഇഷ്ടം പോലെ നിനക്ക് ഭവിക്കട്ടെ." ഈ വാക്കുകൾ യേശുവിന്റെ തുറന്ന പ്രശംസയാണ്. ശിഷ്യന്മാരുടെയും മറ്റു യഹൂദരുടെയും സാന്നിധ്യത്തിൽ ഒരു അന്യജാതിക്കാരിയായ സ്ത്രീയുടെ വിശ്വാസത്തെ "വലിയത്" എന്ന് പ്രഖ്യാപിച്ചത് വളരെ ശ്രദ്ധേയമായ കാര്യമാണ്. യേശു പലപ്പോഴും വിശ്വാസത്തെക്കുറിച്ച് ഉപദേശിച്ചെങ്കിലും, ഇങ്ങനെ വ്യക്തമായി പ്രശംസിച്ച സംഭവങ്ങൾ അപൂർവ്വമാണ്.

ഈ പ്രശംസ വെറും വാക്കുകളിൽ മാത്രം നിന്നില്ല. അതേ വചനത്തിൽ തന്നെ "ആ നാഴിക മുതൽഅവളുടെ മകൾക്ക് സൗഖ്യം വന്നു" എന്നു രേഖപ്പെടുത്തിയിരിക്കുന്നു (മത്തായി 15:28). യേശുവിന്റെ വാക്കിനൊപ്പം അദ്ഭുതവും സംഭവിച്ചു. അവളുടെ ദൃഢവിശ്വാസവും വിനയവും സ്ഥിരതയും ഫലിച്ചു.

മർക്കോസ് 7:29 ൽ യേശു പറഞ്ഞു: "ഈ വാക്കു നിമിത്തം പോയ്ക്കൊൾക; ഭൂതം നിന്റെ മകളെ വിട്ടു പോയിരിക്കുന്നു." തുടർന്ന് 7:30 ൽ അവൾ വീട്ടിൽ എത്തുമ്പോൾ മകൾ കിടക്കമേൽ കിടക്കുന്നതും ഭൂതം വിട്ടു പോയതും കണ്ടു എന്ന് പറയുന്നു. ഈ സംഭവത്തിലൂടെ യേശുവിന്റെ ദൈവിക അധികാരവും ദൂരത്തിൽ നിന്നുള്ള അദ്ഭുതശക്തിയും വ്യക്തമായി വെളിപ്പെടുന്നു. കനാന്യ സ്ത്രീയുടെ മകൾ യേശുവിന്റെ സമീപത്ത് ഉണ്ടായിരുന്നില്ല; അവൾ വീട്ടിലായിരുന്നു. എന്നിരുന്നാലും യേശു അവളെ നേരിട്ട് കാണുകയോ സ്പർശിക്കുകയോ ചെയ്യാതെ തന്നെ "ഈ വാക്കു നിമിത്തം പോയ്ക്കൊൾക; ഭൂതം നിന്റെ മകളെ വിട്ടുപോയിരിക്കുന്നു" എന്നു പറഞ്ഞു (മർക്കോസ് 7:29). ഈ വാക്ക് യേശുവിന്റെ പരിപൂർണ്ണ അധികാരത്തെ വ്യക്തമാക്കുന്നു, കാരണം അശുദ്ധാത്മാവിന്മേൽ അവൻ കല്പന പറയുമ്പോൾ അത് ഉടൻ തന്നെ നടന്നു. തുടർന്ന് സ്ത്രീ വീട്ടിലെത്തിയപ്പോൾ മകൾക്ക് സൗഖ്യം ലഭിച്ചിരുന്നതായി അവൾ കണ്ടു (മർക്കോസ് 7:30). ഇതിലൂടെ യേശുവിന്റെ ശക്തി സ്ഥലപരിധികളാൽ നിയന്ത്രിക്കപ്പെടുന്നതല്ലെന്നുംഅവന്റെ വാക്ക് തന്നെ അത്ഭുതം പ്രവർത്തിപ്പിക്കുന്ന ദൈവിക ശക്തിയുള്ളതാണെന്നും വ്യക്തമാകുന്നു. അതിനാൽ ഈ സംഭവം യേശുവിന്റെ സർവ്വാധികാരത്തെയും അവന്റെ വാക്കിന്റെ അത്ഭുതപ്രവർത്തന ശേഷിയെയും ശക്തമായി വെളിപ്പെടുത്തുന്നു.

അന്യജാതിക്കാരിയായ ഒരാളുടെ വിശ്വാസം യേശു തുറന്നുപറഞ്ഞ് പ്രശംസിച്ച അപൂർവ്വ സംഭവങ്ങളിലൊന്നാണ് ഈ സംഭവം. ജാതിയെയോ സാമൂഹിക പശ്ചാത്തലത്തെയോ അടിസ്ഥാനമാക്കി അല്ല, മറിച്ച് വിശ്വാസത്തെ അടിസ്ഥാനമാക്കിയുള്ള അനുഗ്രഹമാണ് ഇവിടെ കാണുന്നത്. അതിനാൽ ഈ സംഭവം വിശ്വാസത്തിന്റെ മഹത്വത്തെയും ദൈവകൃപയുടെ വിശാലതയെയും ശക്തമായി തെളിയിക്കുന്നു.

മത്തായി 15:2128യും മർക്കോസ് 7:24–30 യും വിവരിക്കുന്ന കനാന്യസ്ത്രീയുടെ സംഭവം പല ആത്മീയ സത്യങ്ങളും നമ്മെ പഠിപ്പിക്കുന്നു. ആദ്യമായി, ജാതിയോ സാമൂഹിക പശ്ചാത്തലമോ ദൈവസന്നിധിയിൽ ഒരു തടസ്സമല്ലെന്നത് ഈ സംഭവത്തിൽ വ്യക്തമാണ്. യഹൂദരിൽപ്പെട്ടവൾ അല്ലാത്ത ഒരാളുടെ അപേക്ഷയും വിശ്വാസവും യേശു സ്വീകരിക്കുകയും അനുഗ്രഹിക്കുകയും ചെയ്തു (മത്തായി 15:28). ഇത് ദൈവകൃപ എല്ലാവർക്കും തുറന്നിരിക്കുന്നുവെന്ന സത്യത്തെ ഊന്നിപ്പറയുന്നു.

രണ്ടാമതായി, ദൃഢവിശ്വാസവും വിനയവും ഒരുമിച്ചാൽ അത്ഭുതങ്ങൾ സംഭവിക്കാമെന്ന സന്ദേശമാണ് ഇവിടെ കാണുന്നത്. അവൾ യേശുവിനെ "ദാവീദിന്റെ പുത്രാ" എന്നു വിളിച്ചു (മത്തായി 15:22) അതിലൂടെ അവളുടെ വിശ്വാസം പ്രകടമായി. അതേസമയം, "നായ്ക്കുട്ടികളും ഉടയവരുടെ മേശയിൽ നിന്നു വീഴുന്ന നുറുക്കുകൾ തിന്നുന്നുണ്ടല്ലോ" എന്ന മറുപടിയിലൂടെ അവളുടെ വിനയം തെളിഞ്ഞു (മത്തായി 15:27; മർക്കോസ് 7:28). ഈ രണ്ട് ഗുണങ്ങളും ചേർന്നപ്പോഴാണ് അവളുടെ മകളുടെ സൗഖ്യത്തിന് വഴി തുറന്നത്.

മൂന്നാമതായി, പ്രാർത്ഥനയിലെ സ്ഥിരതയുടെ പ്രാധാന്യം ഈ സംഭവം ഊന്നിപ്പറയുന്നു. യേശുവിന്റെ മൗനവും പരീക്ഷണമായ വാക്കുകളും ഉണ്ടായിട്ടും അവൾ പിന്തിരിഞ്ഞില്ല (മത്തായി 15:23–26). അവളുടെ അചഞ്ചലമായ സ്ഥിരതയുടെയും തുടർച്ചയായ അപേക്ഷയുടെയും ഫലമായി അവൾക്ക് മറുപടിയും അത്ഭുതവും ലഭിച്ചു (മർക്കോസ് 7:29–30).

അതിനാൽ, ഈ സംഭവം നമ്മെ പഠിപ്പിക്കുന്നത്, വിശ്വാസം, വിനയം, സ്ഥിരത എന്നിവ ദൈവാനുഗ്രഹത്തിലേക്കുള്ള വഴികളാണെന്നതാണ്. മനുഷ്യപരമായ എല്ലാ പരിധികളും മറികടന്ന് ദൈവത്തിൽ ആശ്രയിക്കുന്ന വിശ്വാസം ഒരിക്കലും വെറുതെയാകുകയില്ലെന്ന ആത്മവിശ്വാസം ഈ ഭാഗം നമ്മിൽ വളർത്തുന്നു. ❑





പി. സി. എബ്രഹാം കോർഎപ്പിസ്കോപ്പാ അന്തരിച്ചു

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ മലബാർ ഭദ്രാസനത്തിലെ സീനിയർ വൈദികനായിരുന്ന വടപുറം മേക്കരങ്ങാട്ട് മുള്ളൻകുഴിക്കൽ പി. സി. എബ്രഹാം കോർഎപ്പിസ്കോപ്പാ (70) അന്തരിച്ചു. ഫാ. അജി എബ്രഹാം പുത്രനാണ്.

ഏറെക്കാലം ഭദ്രാസന സുവിശേഷ സംഘം സെക്രട്ടറിയായിരുന്നു. മുണ്ടൻപാറ, വടപുറം, മഞ്ചേരി, മുതുകുറിശ്ശി, കാരപ്പുറം, പനമണ്ണ, പാലുണ്ട, നിലമ്പൂർ, കരുവാര കുണ്ട് തുടങ്ങി മലബാർ ഭദ്രാസനത്തിലെ വിവിധ പള്ളികളിൽ വികാരിയായി സേവനമനുഷ്ഠിച്ചിട്ടുണ്ട്.

ഭാര്യ: മൈക്കാവ് തട്ടുംപുറം കുടുംബാം ഗം അന്നമ്മ ഏബ്രഹാം (പൊങ്ങല്ലൂർ എകെഎം എൽപി സ്കൂൾ റിട്ട. അധ്യാപിക). മക്കൾ: എബി ഏബ്രഹാം (കൊന്നമണ്ണ എഎൽപി സ്കൂൾ അധ്യാപകൻ), ഫാ. അജി ഏബ്രഹാം (വികാരി, സെന്റ് ഗ്രിഗോ റിയോസ് ഓർത്തഡോക്സ് പള്ളി, പെരുംകു ളം). മരുമക്കൾ: അനു എബി, സിമി അജി.

സംസ്ക്കാര ശുശ്രൂഷ ഗീവർഗീസ് മാർ പക്കോമി യോസിന്റെ മുഖ്യ കാർമ്മികത്വത്തിൽ വടപുറം സെന്റ് ജോർജ് വലിയ പള്ളിയിൽ നടന്നു.

Gregorian Community, Roha

Roha-Kolad Road,Killa, Roha, Maharashtra 402304

A JOURNEY OF PRAYER, AWAITING AND RENEWAL

"Wait for the Promise of the Father..." (Acts 1:4)

Gregorian Community, Roha warmly invites all respected priests and faithful to a blessed spiritual gathering under the spiritual leadership and gracious presence of our spiritual fathers

H.G. Geevarghese Mar Coorilos
[Metropolitan of Bombay Diocese]

H.G. Dr. Geevarghese Mar Theophilos
{Metropolitan of Ahmedabad & Asst. Metropolitan of Bombay Diocese]

A time of prayer and spiritual renewal in preparation for the Feast of Ascension, awaiting the descent of the Holy Spirit and rejoicing in the hope of Pentecost.

Let us come together in faith and prayer for the renewal of the Holy Spirit.

13 - 15 May 2026
(Wed Evening to Fri)

For more Details:
+91 84463 13078

Scan the QR Code to Register: